# പന്ത്രണ്ടാം കേരള നിയമസഭ

## നാലാം സമ്മേളനം

## 2007 മാർച്ച് 5-ാം തീയതി തിങ്കളാഴ്ച

## വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ

[ആകെ ചോദ്യങ്ങൾ-30]

1. കേരള പിറവിയുടെ സുവർണ്ണ ജൂബിലിയുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച പദ്ധതി കൾ
2. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി
3. സ്മാർട്ട് സിറ്റി പദ്ധതി
4. മൊബൈൽ മാവേലി സ്റ്റോറുകൾ
5. വിവരാവകാശ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന് നടപടികൾ
6. തിരുവനന്തപുരത്തുള്ള ടെക്നോസിറ്റി പദ്ധതി
7. നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം
8. എ. ഡി. ബി. വായ്പയ്ക്കുള്ള ഉപാധികൾ
9. വിശാല കൊച്ചി വികസന അതോറിറ്റിയുടെ വസ്തു ഇടപാട് സംബന്ധിച്ച അന്വേഷണം
10. നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാൻ നടപടി
11. കരിങ്കൽ ക്വാറികളിൽ നിന്നും ഗ്രാമപഞ്ചായത്തുകൾക്കുകൂടി വരുമാനം ലഭ്യമാക്കാൻ നടപടി
12. വല്ലാർപാടം പദ്ധതി
13. പി.എസ്.സി. നിയമനസമ്പ്രദായത്തിലെ മാറ്റങ്ങൾ
14. പുതിയ റേഷൻ കാർഡുകൾ
15. പ്രത്യേക സാമ്പത്തിക മേഖലകളുടെ രൂപീകരണം
16. ബി.പി.എൽ. ലിസ്റ്റിന്റെ നവീകരണം
17. ജവഹർലാൽ നെഹ്റു നഗരപുനരുദ്ധാരണ പദ്ധതി
18. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിനു നടപടി
19. പ്രൈസ് മോണിറ്ററിംഗ് കമ്മിറ്റികൾ
20. കെട്ടിട നിർമ്മാണരംഗത്തെ പ്രതിസന്ധി
21. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ പട്ടിക പുതുക്കുവാനുള്ള നടപടികൾ
22. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
23. കോഴിക്കോട് വിമാനത്താവള വികസനത്തിന് നടപടി
24. പതിനൊന്നാം പദ്ധതിയുടെ ലക്ഷ്യങ്ങൾ
25. ബി. പി. എൽ. പട്ടിക പുന:ക്രമീകരണം
26. സ്മാർട്ട് സിറ്റി പദ്ധതി
27. എ.ഡി.ബി. വായ്പയ്ക്കായി തയ്യാറാക്കിയ കരാർ
28. പൊതുശ്മശാനം നിർമ്മിക്കാൻ നടപടി
29. മുനിസിപ്പൽ കോർപ്പറേഷനുകൾക്കുവേണ്ടി എ. ഡി. ബി. വായ്പ
30. സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകളുടെ വിതരണം

## കേരള പിറവിയുടെ സുവർണ്ണ ജൂബിലിയുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച പദ്ധതികൾ

*1 ശ്രീ. കെ. സി. രാജഗോപാലൻ.
ശ്രീ. സി. കെ. സദാശിവൻ.
ശ്രീമതി. കെ. എസ്. സലീഖ.
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മുഖ്യമന്ത്രി** സദയം മറുപടി നൽകുമോ:

(എ) കേരള പിറവിയുടെ സുവർണ്ണ ജൂബിലിയുമായി ബന്ധപ്പെട്ട് എന്തെല്ലാം പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചു;

(ബി) ഇവ സമയബന്ധിതമായി നടപ്പാക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(സി) എത്ര പദ്ധതികൾ ഇതിനകം പൂർത്തിയായി എന്ന് വെളിപ്പെടുത്തുമോ;

(ഡി) വിവിധ വകുപ്പുകളിലായി എത്ര കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കുന്നത് എന്ന് അറിയിക്കുമോ?

### ഉത്തരം : ശ്രീ. വി.എസ്.അച്ചുതാനന്ദൻ (മുഖ്യമന്ത്രി)

(എ) കേരള പിറവിയുടെ സുവർണ്ണ ജൂബിലി ബഹു. പ്രധാനമന്ത്രിയാണ് ഉദ്ഘാടനം ചെയ്തത്. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പുതിയ ടെർമിനൽ, എയർ ഇന്ത്യയുടെ ഹാങ്കർ യൂണിറ്റ് എന്നിവയ്ക്ക് തറക്കല്ലിട്ടുകൊണ്ടാണ് പരിപാടിക്ക് തുടക്കം കുറിച്ചത്. ഓരോ വകുപ്പും, അവയുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന സ്ഥാപനങ്ങളും നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. ലഭ്യമായ പദ്ധതിയെ സംബന്ധിച്ച വിവരങ്ങൾ ഇതൊന്നിച്ച് വകുപ്പ് തിരിച്ച് അനുബന്ധമായി ചേർക്കുന്നു. പൂർണ്ണ വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(അനുബന്ധം 1 - 11 വരെ ഇതേ ദിവസത്തെ ഉത്തരത്തോടൊപ്പം ചേർത്തിരിക്കുന്നത് നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്.)

(ബി) പദ്ധതികൾ നടപ്പാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ തന്നെ തുക കണ്ടെത്തുകയും സംവിധാനം ഏർപ്പെടുത്തുകയുമാണ് ചെയ്യുന്നത്.

(സി) & (ഡി) വിവരം ശേഖരിച്ചു വരുന്നു.

## നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി

*2 ശ്രീ. എം. വി. ശ്രേയാംസ്കുമാർ
,, കെ. പി. മോഹനൻ
,, എം. കെ. പ്രേംനാഥ്
,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തിന് കാരണമെന്താണെന്ന് വിശദീകരിക്കുമോ;

(ബി) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത് എന്ന് വിശദീകരിക്കുമോ ?

### ഉത്തരം : ശ്രീ.സി.ദിവാകരൻ (ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി )

(എ) അവശ്യ സാധന നിയമം (1955 ലെ ഇ. സി. ആക്ട്) 2002 ൽ കേന്ദ്രസർക്കാർ ഭേദഗതി വരുത്തിയതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് പൊതുവിപണിയിൽ നിയമപരമായി ഇടപെടുന്നതിന് ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. വൻകിട കുത്തക വ്യവസായികൾ അവശ്യസാധനങ്ങൾ ഉയർന്നവിലയ്ക്ക് വാങ്ങി ശേഖരിച്ച് വയ്ക്കുന്നത് വിലകൂടാൻ കാരണമായിട്ടുണ്ട്. ഇന്ത്യയൊട്ടാകെ ഉണ്ടായ നാണയപ്പെരുപ്പവും വിലക്കയറ്റത്തിന് കാരണമായിട്ടുണ്ട്.

(ബി) വിലക്കയറ്റം നിയന്ത്രിക്കുന്നതിനും ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള അവശ്യ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുമായി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ 870 മാവേലിസ്റ്റോറുകൾ , 216 ലാഭം സ്റ്റോറുകൾ, 1345 ശബരി സ്റ്റോറുകൾ, 10 ശബരി സൂപ്പർ മാർക്കറ്റുകൾ, 6 മൊബൈൽ മാവേലി സ്റ്റോറുകൾ തുടങ്ങിയ സ്ഥാപനങ്ങളിലൂടെ അവശ്യ സാധനങ്ങൾ വ്യാപകമായി വിതരണം ചെയ്തു വരുന്നു. സപ്ലൈകോ വഴി വിൽക്കുന്ന സാധനങ്ങളുടെ വില 2006 നവംബർ മുതൽ കൂട്ടിയിട്ടില്ലെന്നു മാത്രമല്ല ചില സാധനങ്ങളുടെ വില കുറയ്ക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ പൊതു കമ്പോളത്തിലെ എല്ലാ കടകളിലും വിലവിവര പട്ടിക പ്രദർശിപ്പിക്കാൻ നിഷ്കർഷിച്ചും വ്യാപാര സ്ഥാപനങ്ങളിൽ മിന്നൽ പരിശോധന നടത്തിയും വിലക്കയറ്റം നിയന്ത്രിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 2007 ഫെബ്രുവരി മാസത്തിൽ 2570 റെയ്ഡുകൾ നടത്തി 411 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതലത്തിൽ പ്രൈസ് മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിച്ച് വിലനിലവാരം വിലയിരുത്തി വരുന്നു. വിലനിലവാരം പിടിച്ചുനിറുത്തുന്നതിന്റെ ഭാഗമായി വ്യാപാരി വ്യവസായി സംഘടനകളുമായും ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷനുമായും മുഖ്യമന്ത്രിയും ഭക്ഷ്യമന്ത്രിയും ചർച്ചകൾ നടത്തുകയും അതനുസരിച്ച് നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു.

## സ്മാർട്ട് സിറ്റി പദ്ധതി

*3 ശ്രീ. പി. തിലോത്തമൻ
ശ്രീ. ബാബുപോൾ
ശ്രീ. പള്ളിപ്രം ബാലൻ
ശ്രീ. കെ.രാജു
ശ്രീ. എ.കെ. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മുഖ്യമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട്സിറ്റി പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ സംബന്ധിച്ച് ധാരണയായിട്ടുണ്ടോ ; എങ്കിൽ ധാരണയിലെത്തിയ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ അംഗീകരിച്ച വ്യവസ്ഥകളും മുൻസർക്കാറിന്റെ കാലത്ത് അംഗീകരിച്ച വ്യവസ്ഥകളും എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) സ്മാർട്ട്സിറ്റി പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഏതെല്ലാം കമ്പനികളുമായി ചർച്ച നടത്തിയെന്നും; ഈ ചർച്ചകൾ എത്ര കണ്ട് വിജയകരമായിരുന്നുവെന്നും വെളിപ്പെടുത്തുമോ?

### ഉത്തരം: ശ്രീ. വി.എസ്.അച്ചുതാനന്ദൻ (മുഖ്യമന്ത്രി)

(എ) കൊച്ചിയിൽ സ്മാർട്ട് സിറ്റി സ്ഥാപിക്കുന്നതു സംബന്ധിച്ചുള്ള കരാർ തയ്യാറാക്കുന്നതിനുവേണ്ടി ദുബായ് ഇന്റർനെറ്റ് സിറ്റി അധികൃതരുമായി ചർച്ചകൾ നടന്നുവരുന്നു. ഇതിലെ വ്യവസ്ഥകളുടെ പൂർണ്ണ രൂപമായിട്ടില്ല. സംസ്ഥാന സർക്കാർ മുന്നോട്ടുവച്ചിട്ടുള്ള വ്യവസ്ഥകളിൽ ചിലത് അംഗീകരിക്കാമെന്ന് ടീകോം അധികൃതർ സമ്മതിച്ചിട്ടുണ്ട്. അവ താഴെ ചേർക്കുന്നു. ഇൻഫോ പാർക്ക് വിട്ടുകൊടുക്കില്ലെന്നും അത് സർക്കാർ ഉടമസ്ഥതയിൽ നിലനിർത്തി വികസിപ്പിക്കുമെന്ന സർക്കാർ നിലപാട് അവർ അംഗീകരിച്ചിട്ടുണ്ട്. അതുപോലെ സ്മാർട്ട് സിറ്റിയ്ക്കു പുറത്ത് എറണാകുളം ജില്ലയിൽ മറ്റ് ഐ. ടി. പാർക്കുകൾ പാടില്ലെന്ന നിലപാട് മാറ്റുവാൻ സമ്മതിച്ചിട്ടുണ്ട്. സർക്കാർ ഷെയർ സംബന്ധിച്ച് ഏകദേശ ധാരണയായിട്ടുണ്ട്. ഇതനുസരിച്ച് 26 ശതമാനം സർക്കാർ ഷെയർ എന്ന് തത്വത്തിൽ അംഗീകരിയ്ക്കുകയും ആദ്യഘട്ടം 16 ശതമാനം ഷെയർ നൽകാമെന്നും അംഗീകരിച്ചിട്ടുണ്ട്. ടീകോം കമ്പനിയുടെ ചെയർമാൻ സ്ഥാനം സംസ്ഥാന സർക്കാർ പ്രതിനിധിക്കായിരിക്കും എന്ന് ധാരണയായിട്ടുണ്ട്. അവസാന ഘട്ടചർച്ചകൾ നടക്കാനിരിക്കുന്നതേയുള്ളൂ.

(ബി) മുൻ സർക്കാരിന്റെ കാലത്ത് അംഗീകരിച്ച പ്രധാനവ്യവസ്ഥകൾ താഴെപ്പറയുന്നു.

1) ഇൻഫോപാർക്ക് സ്മാർട്ട് സിറ്റിയ്ക്ക് കൈമാറ്റം ചെയ്യുന്നതാണ്.
2) എറണാകുളം ജില്ലയിൽ മറ്റ് ഐ. ടി. പാർക്കുകൾ തുടങ്ങാൻ പാടില്ല.
3) സർക്കാർ ഷെയർ 9% ആയിരിക്കും.
4) 100 ഏക്കർ സ്ഥലം പ്രതിവർഷം ഏക്കറിന് 1 രൂപ നിരക്കിൽ 99 വർഷത്തേക്ക് പാട്ടത്തിന് നൽകുന്നതാണ്.

പുതിയ വ്യവസ്ഥകൾ ചർച്ചകൾ പൂർത്തിയാകുന്ന മുറയ്ക്ക് നൽകുന്നതാണ്.

(സി) ദുബായ് ഇന്റർനെറ്റ് സിറ്റി അധികൃതരുമായിട്ടാണ് ചർച്ചകൾ നടത്തിയത്. അവസാന ഘട്ട ചർച്ചകൾ നടക്കാനിരിയ്ക്കുന്നതേയുള്ളൂ.

## മൊബൈൽ മാവേലി സ്റ്റോറുകൾ

*4 ശ്രീ. കെ.കെ.ജയചന്ദ്രൻ
ശ്രീ. എം. ചന്ദ്രൻ
" കെ.വി.കുഞ്ഞിരാമൻ
" സി.കെ.പി.പത്മനാഭൻ
" ബി.രാഘവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര മൊബൈൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുവെന്ന് അറിയിക്കുമോ;

(ബി) മൊബൈൽ മാവേലി സ്റ്റോറുകളുടെ പ്രവർത്തനം സംസ്ഥാനം ഒട്ടാകെ വ്യാപിപ്പിക്കാനും ശക്തിപ്പെടുത്താനും ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) മൊബൈൽ മാവേലി സ്റ്റോറുകളിൽ എല്ലാ നിത്യോപയോഗ സാധനങ്ങളും ആവശ്യാനുസരണം ലഭ്യമാക്കാനും, കുറഞ്ഞവിലയ്ക്ക് വിതരണം ചെയ്യുവാനും നടപടി സ്വീകരിക്കുമോ?

**ഉത്തരം: ശ്രീ. സി. ദിവാകരൻ (ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി )**

(എ) 6 മൊബൈൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉണ്ട്. 10 മൊബൈൽ മാവേലി സ്റ്റോറുകൾ കൂടി ഉടൻതന്നെ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

(സി) മൊബൈൽ മാവേലി സ്റ്റോറുകളിൽ ഇപ്പോൾ തന്നെ എല്ലാ അവശ്യ സാധനങ്ങളും ആവശ്യാനുസരണം ലഭ്യമാക്കുന്നുണ്ട്. കൂടുതൽ മൊബൈൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതോടെ എല്ലാ നിത്യോപയോഗ സാധനങ്ങളും ആവശ്യാനുസരണം കുറഞ്ഞ വിലയ്ക്ക് സംസ്ഥാനത്തിന്റെ എല്ലാ പ്രദേശങ്ങളിലും ലഭ്യമാക്കാൻ സാധിക്കുന്നതാണ്.

## വിവരാവകാശ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന് നടപടികൾ

*5 ശ്രീ. എ. എം. ആരിഫ്
ശ്രീ. അൽഫോൺസ് കണ്ണന്താനം
ശ്രീ. സി. എച്ച്. കുഞ്ഞംബു
ശ്രീ. എം.എം. മോനായി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മുഖ്യമന്ത്രി** സദയം മറുപടി നൽകുമോ:

(എ) വിവരാവകാശ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നു വിശദമാക്കുമോ ;

(ബി) ഈ നിയമപ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാതിരുന്ന എത്ര ഉദ്യോഗസ്ഥർക്കെതിരെ കമ്മീഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) വിവരാവകാശ നിയമത്തെക്കുറിച്ച് ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും വേണ്ടത്ര അവബോധമുണ്ടായിട്ടില്ലെന്ന കമ്മീഷന്റെ നിരീക്ഷണം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത നിയമപ്രകാരം ആവശ്യപ്പെടുന്ന വിവരങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുമോ ?

### ഉത്തരം : ശ്രീ. വി.എസ്.അച്ചുതാനന്ദൻ(മുഖ്യമന്ത്രി)

(എ) 10.10.2005 ലെ ജി. ഒ. (പി) 367/2005/പൊ. ഭ. വ. ഉത്തരവു പ്രകാരം കേരള സ്റ്റേറ്റ് ഇൻഫർമേഷൻ കമ്മീഷൻ രൂപീകരിച്ചു. ഒരു ചീഫ് ഇൻഫർമേഷൻ കമ്മീഷണറേയും മൂന്നു ഇൻഫർമേഷൻ കമ്മീഷണർമാരേയും നിയമിക്കുകയും ആവശ്യമായ സ്റ്റാഫും കെട്ടിടവും അനുവദിക്കുകയും ചെയ്തു. പൊതുജനങ്ങളിൽ നിന്നുള്ള അപേക്ഷ സ്വീകരിക്കുന്നതിനും വിവരങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനും എല്ലാ ഓഫീസുകളിലും അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരേയും സ്റ്റേറ്റ് ഇൻഫർമേഷൻ ഓഫീസർമാരേയും അപ്പലേറ്റ് ഓഫീസറേയും അടിയന്തിരമായി സ്ഥാന നിർദ്ദേശം ചെയ്യണമെന്ന് എല്ലാ പൊതു അധികാരികൾക്കും കർശന നിർദ്ദേശം നൽകി. ഉദ്യോഗസ്ഥർക്ക് ഘട്ടംഘട്ടമായി ഐ. എം. ജി. യുടെ ആഭിമുഖ്യത്തിൽ പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു. പൊതുജനങ്ങൾക്ക് വിവരം നൽകുന്നതിന് ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചുകൊണ്ടും നിയമത്തിന്റെ പരിധിയിൽ നിന്നും ചില ഇന്റലിജൻസ് സുരക്ഷാ യൂണിറ്റുകളെ ഒഴിവാക്കിക്കൊണ്ടും അപ്പീൽ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിശ്ചയിച്ചുകൊണ്ടും പ്രത്യേക ചട്ടങ്ങൾ പുറപ്പെടുവിച്ചു. ഈ നിയമത്തെ സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി 30.10.2006 ലെ 77000/സി. ഡി. എൻ.5/06/പൊ. ഭ. വ. പ്രകാരം രണ്ടു സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 2007 ജനുവരി 30, 31 തീയതികളിൽ നടന്ന ജില്ലാ കളക്ടർമാരുടെയും വകുപ്പു മേധാവികളുടെയും വാർഷിക സമ്മേളനത്തിൽ ഈ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്യുകയും ബന്ധപ്പെട്ടവർക്ക് ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) എട്ട് ഉദ്യോഗസ്ഥർക്കെതിരെ കമ്മീഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) 2005 ലെ വിവരാവകാശ നിയമത്തിൽത്തന്നെ വിവരങ്ങൾ നൽകുന്നതിനുള്ള സമയപരിധി നിശ്ചയിച്ചിട്ടുള്ളതിനാലും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർ നിയമ നടപടിയ്ക്ക് വിധേയരാകും എന്നതിനാലും വിവരങ്ങൾ യഥാസമയം അധികാരികൾ ലഭ്യമാക്കേണ്ടതാണ്. എന്നിരുന്നാലും 30.10.2006 ലെ 77000/സി. ഡി. എൻ. 5/ 06/ പൊ. ഭ. വ. സർക്കുലർ പ്രകാരം ഇക്കാര്യത്തിൽ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## തിരുവനന്തപുരത്തുള്ള ടെക്നോസിറ്റി പദ്ധതി

*6 ശ്രീ. ആനത്തലവട്ടം ആനന്ദൻ.
ശ്രീ. വി. ശിവൻകുട്ടി.
ശ്രീമതി. ജെ. അരുന്ധതി.
ശ്രീ. ആർ. സെൽവരാജ്.
ശ്രീ. വി.ജെ. തങ്കപ്പൻ.

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മുഖ്യമന്ത്രി** സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ആരംഭിക്കാനുദ്ദേശിക്കുന്ന ടെക്നോസിറ്റിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ടെക്നോസിററിയുടെ പ്രവർത്തനം എപ്രകാരം ആയിരിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിക്കുവേണ്ടി എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്

(ഡി) സ്ഥലം ഏറ്റെടുക്കുന്നതുമൂലം കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്യുമോ;

(ഇ) ടെക്നോസിറ്റി സ്ഥാപിക്കുന്നതുമൂലം എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

**ഉത്തരം: ശ്രീ. വി.എസ്.അച്ചുതാനന്ദൻ (മുഖ്യമന്ത്രി)**

(എ) തിരുവനന്തപുരം താലൂക്കിലെ പള്ളിപ്പുറം, അണ്ടൂർക്കോണം, മേൽതോന്നയ്ക്കൽ, വെയിലൂർ, എന്നീ വില്ലേജുകളിൽ നിന്നുമായി 507 ഏക്കർ ഭൂമി ടെക്നോസിറ്റിയ്ക്കുവേണ്ടി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇൻഫർമേഷൻ ടെക്നോളജി, ബയോടെക്നോളജി, ഐ. റ്റി. ഇ. എസ്., മറ്റ് അനുബന്ധ വ്യവസായങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ബിസിനസ്സ് സ്കൂൾ, റെസിഡൻഷ്യൽ കോംപ്ലക്സ്, ഷോപ്പിംഗ്മാൾ, മറ്റ് വിനോദോപാധികൾ തുടങ്ങി വിവിധ മേഖലകളിലുള്ള പ്രവർത്തനങ്ങളാണ് ടെക്നോസിറ്റി ലക്ഷ്യമിടുന്നത്.

(ബി) ടെക്നോസിറ്റിയുടെ പ്രവർത്തനങ്ങളെപ്പറ്റിയുള്ള മാസ്റ്റർപ്ളാൻ തയ്യാറാക്കിവരുന്നു.

(സി) ടെക്നോസിറ്റിയ്ക്കുവേണ്ടി 507 ഏക്കർ സ്ഥലമാണ് ഏറ്റെടുക്കാനുദ്ദേശിയ്ക്കുന്നത്.

(ഡി) സ്ഥലമെടുപ്പ് ഫാസ്റ്റ് ട്രാക്ക് പദ്ധതിയിൽപ്പെടുത്തിയിരിക്കുന്നതിനാൽ അതിൻപ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ടെക്നോസിറ്റി സ്ഥാപിയ്ക്കുന്നതുമൂലം ഏകദേശം ഒരു ലക്ഷം പേർക്ക് പ്രത്യക്ഷമായും 3 ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ലഭിയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം

*7 ശ്രീ. കെ. അജിത്
ശ്രീ. എൻ. അനിരുദ്ധൻ
,, കെ. രാജു
ശ്രീമതി ഇ.എസ്. ബിജിമോൾ
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗസാധനങ്ങൾക്ക് ഇപ്പോൾ അനിയന്ത്രിതമായ വിലക്കയറ്റമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരത്തിൽ ഒരു വിലക്കയറ്റമുണ്ടാകാനുണ്ടായ സാഹചര്യം വിശദമാക്കുമോ;

(ബി) വിലക്കയറ്റം തടയുന്നതിന് ഈ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഈ നടപടികൾ മൂലം എന്തുമാത്രം വിലവർദ്ധനവ് പിടിച്ചു നിർത്താനും കുറയ്ക്കാനും കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) കൃത്രിമമായി പലസാധനങ്ങൾക്കും വിലക്കയറ്റം സൃഷ്ടിച്ചിട്ടുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ എങ്കിൽ അതിനെതിരെ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് കരിഞ്ചന്തയും പൂഴ്ത്തി വയ്പും തടയുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

### ഉത്തരം : ശ്രീ.സി.ദിവാകരൻ (ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി )

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങൾക്ക് അനിയന്ത്രിതമായ വിലക്കയറ്റം ഉണ്ടായിട്ടില്ല. ഇന്ത്യയൊട്ടാകെ ഉണ്ടായ നാണയപ്പെരുപ്പത്തിന്റെ ഫലമായി നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ ഉണ്ടാകുന്ന മാറ്റം കേരളത്തേയും ബാധിച്ചിട്ടുണ്ട്.

(ബി) വിലക്കയറ്റം നിയന്ത്രിക്കുന്നതിനും ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള അവശ്യ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുമായി സിവിൽസപ്ലൈസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ മാവേലിസ്റ്റോറുകൾ, ലാഭം സ്റ്റോറുകൾ, ശബരി സ്റ്റോറുകൾ, ശബരി സൂപ്പർ മാർക്കറ്റുകൾ, സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ തുടങ്ങിയ സ്ഥാപനങ്ങളിലൂടെ അവശ്യസാധനങ്ങൾ വ്യാപകമായി വിതരണം ചെയ്തു വരുന്നു.

കൂടാതെ പൊതു കമ്പോളത്തിലെ എല്ലാ കടകളിലും വിലവിവര പട്ടിക പ്രദർശിപ്പിക്കാൻ നിഷ്കർഷിച്ചും വ്യാപാര സ്ഥാപനങ്ങളിൽ മിന്നൽ പരിശോധന നടത്തിയും വിലക്കയറ്റം നിയന്ത്രിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതലത്തിൽ പ്രൈസ്മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിച്ച് വിലനിലവാരം വിലയിരുത്തി വരുന്നു. വിലനിലവാരം പിടിച്ചുനിറുത്തുന്നതിന്റെ ഭാഗമായി വ്യാപാരി വ്യവസായി സംഘടനകളുമായും ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷനുമായും മുഖ്യമന്ത്രിയും ഭക്ഷ്യമന്ത്രിയും ചർച്ചകൾ നടത്തി വരുകയും ചെയ്യുന്നുണ്ട്. വ്യാപാരി വ്യവസായി സംഘടനകൾ, ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷനുകൾ എന്നിവരുമായുള്ള നിരന്തരമായ ചർച്ചകളുടെ ഫലമായി നിത്യോപയോഗ സാധനങ്ങൾ, ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ വില കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) സംസ്ഥാനത്ത് കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുന്നതിന് ജില്ലാ സപ്ലൈ ആഫീസർമാരുടെ നേതൃത്വത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് ഫുഡ് ഇൻസ്പെക്ടർമാർ, ലീഗൽ മെട്രോളജി ഉദ്യോഗസ്ഥർ എന്നിവരുമായി സഹകരിച്ച് റെയ്ഡുകൾ നടത്തി വരുന്നുണ്ട്. ഫെബ്രുവരി 2007 ൽ 2570 റെയ്ഡുകൾ സംഘടിപ്പിക്കുകയും 411 എണ്ണത്തിൽ ക്രമക്കേടുകൾ കണ്ടുപിടിക്കുകയും നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

## എ. ഡി. ബി. വായ്പയ്ക്കുള്ള ഉപാധികൾ

*8 ശ്രീ. തോമസ് ചാണ്ടി
ശ്രീ. കെ. കെ. ഷാജു
,, കെ. ബി. ഗണേഷ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മുഖ്യമന്ത്രി** സദയം മറുപടി നൽകുമോ:

(എ) എ. ഡി. ബി. വായ്പ എടുക്കുന്നത് സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കുമോ;

(ബി) എ. ഡി. ബി. യുമായി എന്തെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) മുൻ ഗവൺമെന്റും ഇപ്പോഴത്തെ ഗവൺമെന്റും എ. ഡി. ബി. വായ്പ ലഭ്യമാക്കുന്നതിന്എന്തൊക്കെ ഉപാധികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) എ. ഡി. ബി. വായ്പ ലഭ്യമാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ഇ) എന്നത്തേയ്ക്ക് എ. ഡി. ബി. വായ്പ ലഭ്യമാകുമെന്ന് വെളിപ്പെടുത്തുമോ ?

### ഉത്തരം: ശ്രീ. വി.എസ്.അച്ചുതാനന്ദൻ (മുഖ്യമന്ത്രി)

(എ) സംസ്ഥാനത്തിന്റെ താൽപര്യങ്ങൾക്ക് ഹാനികരമല്ലാത്ത വായ്പകൾ സ്വീകരിക്കാമെന്നതാണ് സർക്കാരിന്റെ നിലപാട്.

(ബി) 2005 നവംബർ 14നും 2006 ഡിസംബർ 8-നും എ.ഡി. ബി. യുമായി കരാർ ഒപ്പു വച്ചിട്ടുണ്ട്. അവയുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.

(അനുബന്ധം ഇതേ ദിവസത്തെ ഉത്തരത്തോടൊപ്പം ചേർത്തിരിക്കുന്നത് നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്.)

(സി) എ. ഡി. ബി. യുമായി കരാർ ഒപ്പിട്ടിരിക്കുന്നത് പദ്ധതി വായ്പയ്ക്കാണ്. മറിച്ച് പ്രോഗ്രാം വായ്പയല്ല. എന്നാൽ ഇതു സംബന്ധിച്ച് ചില പ്രധാന ഉറപ്പുകൾ താഴെപ്പറയുന്നു.

1) വായ്പയുടെ പലിശ ലണ്ടൻ ഇന്റർബാങ്ക് ഓഫേർഡ് റേറ്റ് ആയിരിക്കും(LIBOR) + 0.6% ആയിരിക്കും.
2) വായ്പ നിലവിൽ വരുന്നതിനു മുമ്പായി പദ്ധതി മാനേജ്മേന്റ് യൂണിറ്റ്, പദ്ധതി നിർവ്വഹണ യൂണിറ്റ് എന്നിവ നിലവിൽ വരുത്തുക.
3) നഗരസഭകളിൽ 2006-07 ൽ തന്നെ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുക
4) കൗണ്ടർപാർട്ട് ഫണ്ട് നഗരസഭയുടെ വാർഷിക ബഡ്ജറ്റിൽ വകയിരുത്തുക.
5) പദ്ധതി പ്രകാരം നടപ്പാക്കുന്നവയുടെ അറ്റകുറ്റപണികളും പരിപാലനവും നടത്തുന്നതിനുള്ള വക നഗരസഭകൾ കണ്ടെത്തുക. ആയതിലേക്ക് സേവന നികുതി ഏർപ്പെടുത്തുന്നതിനോ മറ്റ് വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനോ നഗരസഭകൾക്ക് അധികാരമുണ്ടായിരിക്കും.
6) നിലവിലുള്ള പൊതുടാപ്പുകൾ മാറ്റി വ്യക്തിഗത കണക്ഷനുകൾ നൽകുകയോ പൊതുടാപ്പുകളിൽ മീറ്റർ ഘടിപ്പിക്കുകയോ ചെയ്യുന്നതു സംബന്ധിച്ച ഒരു നയം 2007 മാർച്ചിനകം സ്വീകരിക്കേണ്ടതാണ്.

(ഡി) കാലതാമസം ഉണ്ടായിട്ടില്ല.

(ഇ) 2007 ഏപ്രിൽ മാസത്തോടുകൂടി ആദ്യഗഡു ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## വിശാല കൊച്ചി വികസന അതോറിറ്റിയുടെ വസ്തു ഇടപാട് സംബന്ധിച്ച അന്വേഷണം

*9 ശ്രീ. എ.സി. മൊയ്തീൻ.
ശ്രീ. എം.ജെ. ജേക്കബ്.
ശ്രീ. എം.എം. യൂസഫ്.
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) വിശാലകൊച്ചി വികസന അതോറിററി, മറൈൻ ഡ്രൈവിനോട് ചേർന്ന് 3 ഏക്കർ ഭൂമി വൻകിട ഹോട്ടൽ പദ്ധതിക്കായി ലേലം കൊണ്ട വ്യക്തിക്ക് തുക മുഴുവനും അടച്ചുതീരും മുമ്പേ കൈമാറിയ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വസ്തു മറിച്ചു വിറ്റ് കോടികൾ ലാഭമുണ്ടാക്കാനും വഴിവിട്ട ആനുകൂല്യങ്ങൾ നൽകാനും ജി.സി.ഡി.എ. തയ്യാറായതുമൂലം സർക്കാരിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് ഇപ്പോൾ അന്വേഷണം നടക്കുന്നുണ്ടോ;

(ഡി) ഈ വസ്തു ഇടപാട് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം: ശ്രീ.പാലൊളി മുഹമ്മദ് കുട്ടി (തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി)

(എ) 3 ഏക്കർ മുഴുവനായി കൈമാറ്റം നടത്തിയിട്ടില്ല. 125 സെന്റ് ഭൂമിയുടെ തീറാധാരം നടത്തിയിട്ടില്ല.

28.10.1994-ൽ ആണ് കൊച്ചി മറൈൻ ഡ്രൈവിലെ 300 സെന്റ് സ്ഥലം ഹോട്ടൽ പ്രോജക്ടിനായി 99 വർഷത്തെ പാട്ട വ്യവസ്ഥയിൽ ജി.സി.ഡി.എ. ലേലം ചെയ്തത്. ലേലത്തിൽ പങ്കെടുതത ശ്രീ. ഒ. പി. മോംഗ എന്നയാൾ വാഗ്ദാനം ചെയ്ത സെന്റൊന്നിന് 6,25,000/- രൂപയായിരുന്നു ഏറ്റവും ഉയർന്ന ലേലത്തുക. ലേലത്തിന്റെ വ്യവസ്ഥകൾ പ്രകാരം വാഗ്ദാനം ചെയ്ത സംഖ്യയുടെ പകുതി അലോട്ട്മെന്റ് കിട്ടി 30 ദിവസത്തിനുള്ളിലും ബാക്കി സംഖ്യ 6 പ്രതിമാസ തുല്യ ഗഡുക്കളായി 21% പലിശ ചേർത്ത് അടയ്ക്കാവുന്നതാണെന്നും ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം 22% പിഴ പലിശ കൂടി ഈടാക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു.

ശ്രീ. ഒ. പി. മോംഗ സ്ഥലവിലയുടെ പകുതിയായ 9,37,50,000/- രൂപ 30 ദിവസത്തിനകം തന്നെ അടച്ചുതീർക്കുകയും ബാക്കി 6 തുല്യ പ്രതിമാസ തവണകളായി അടയ്ക്കാൻ അനുവദിക്കണമെന്ന് ആവശ്യപ്പെടുകയും ഉണ്ടായി. 6 തവണകളായി തുക അടയ്ക്കാൻ ജി. സി. ഡി. എ. ശ്രീ. ഒ. പി. മോംഗയെ അനുവദിക്കുകയും ചെയ്തു.

ശ്രീ. ഒ. പി. മോംഗ പ്രൊമോട്ടറായ ലോക്ഹോട്ടൽസ് ആന്റ് റിസോർട്ട്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പേരിലാക്കണം അലോട്ട്മെന്റ് എന്ന് 21.04.1995-ൽ ആവശ്യപ്പെടുകയും ആയത് 8.5.95-ലെ കത്തു പ്രകാരം ജി. സി. ഡി. എ. അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വീണ്ടും ഷാൻഗ്രീല ഗോൾഫ് ആന്റ് ഹെൽത്ത് റിസോർട്ട്സ് (പ്രൈ) ലിമിറ്റഡ് എന്ന പേരിലേക്ക് അലോട്ട്മെന്റ് മാറ്റണമെന്ന് 14.5.1996-ൽ ആവശ്യപ്പെടുകയും ആയത് 3.6.1996-ൽ അനുവദിക്കുകയും ചെയ്തു. ഈ രണ്ടു മാറ്റങ്ങൾക്കും ട്രാൻസ്ഫർ ഫീ ഈടാക്കിയിട്ടില്ല.

ശ്രീ. മോംഗ പ്രതിമാസ ഗഡുക്കൾ നിശ്ചിത സമയത്തിന് അടയ്ക്കുകയുണ്ടായില്ല. പകരം താഴെ കാണുന്ന വിധം തുകകൾ അടയ്ക്കുകയുണ്ടായി.

| | |
|---|---|
| 03.01.1995 | – 1,72,77,089.00 |
| 20.04.1995 | – 1,77,87,000.00 |
| 17.05.1995 | – 1,72,54,000.00 |
| 22.08.1995 | – 1,98,11,959.00 |
| 16.01.1998 | – 1,00.00.000.00 |
| 17.05.2004 | – 4,03,60,713.00 |
| ആകെ | – 12,24,90,761.00 |

20.06.1997-ൽ ശ്രീ. മോംഗ പലിശയിനത്തിൽ അടച്ച 96,50,000/- രൂപ ഭൂമി വിലയിലേക്ക് വരവ് വയ്ക്കണമെന്നും അല്ലെങ്കിൽ ഭൂമി വിലയായി അടച്ച 16,59,00,000/- രൂപ 24% പലിശ സഹിതം തിരിച്ചുനൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 11354/96 ആയി ഹൈക്കോടതിയിൽ ഒ.പി. ഫയൽ ചെയ്യുകയുണ്ടായി.

1.8.1997-ൽ ശ്രീ. ഒ. പി. മോംഗ 5000 ച. മീറ്റർ സ്ഥലം (125 സെന്റ്) തങ്ങളുടെ സഹോദരസ്ഥാപനത്തിന്റെ പേരിൽ തിരിച്ച് കരാർ വച്ച് കൊടുക്കാനും ബാക്കി 7000 ച. മീറ്റർ (175 സെന്റ്) ഷാൻഗ്രീല ഗോൾഫ് ആന്റ് ഹെൽത്ത് റിസോർട്ട്സ് (പ്രൈ) ലിമിറ്റഡ് എന്ന പേരിലും പാട്ടകരാർ വച്ച് കൊടുക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി . 2.8. 1997-ൽ മുഴുവൻ തുകയും അടച്ചു തീർക്കാൻ ഇപ്രകാരം 2 പാട്ട കരാർ വച്ചു കൊടുക്കുന്നതിന് ജി. സി. ഡി. എ. സമ്മതിക്കുകയുണ്ടായി.

20.8.1997-ൽ ശ്രീ. മോംഗ 5000 ച മീറ്റർ സ്ഥലം സെഞ്ചൂറിയൻ ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ പ്രൈ. ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പേരിൽ നൽകുവാൻ ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യം 27.9.1997-ൽ ജനറൽ കൗൺസിൽ മുമ്പാകെ സമർപ്പിക്കുകയും കൗൺസിൽ 27/97-98 നമ്പർ തീരുമാന പ്രകാരം മെ. സെഞ്ചൂറിയൻ ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ പ്രൈ. ലി. എന്ന സ്ഥാപനത്തിന് 125 സെന്റ് സ്ഥലം ശ്രീ. മോംഗ അടച്ച് 8,84,17,000/- രൂപ വരവ് വച്ച് നൽകുന്നതിനും തീരുമാനമുണ്ടായി. ഇതിനെത്തുടർന്ന് 15.1.98-ൽ മെ. സെഞ്ചൂറിയൻ ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ (പ്രൈ.) ലിമിറ്റഡ് എന്ന സ്ഥാപനവുമായി കരാർ വയ്ക്കുകയും ചെയ്യുകയുമുണ്ടായി. ഈ കരാർ പ്രകാരം മുഴുവൻ തുകയും ലഭിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ കൈമാറ്റത്തിന് കൈമാറ്റ ഫീസ് ഈടാക്കിയിട്ടില്ല.

ശ്രീ. മോംഗ ഫയൽ ചെയ്ത കേസിൽ ചർച്ചകളിലൂടെ പ്രശ്നം പരിഹരിക്കാൻ കോടതി നിർദ്ദേശിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 15.2.2000-ൽ ചേർന്ന ജനറൽ കൗൺസിൽ 125 സെന്റ് സ്ഥലത്തിന്റെ കാര്യത്തിൽ മാറ്റമൊന്നും വേണ്ടെന്നും 175 സെന്റ് സ്ഥലത്തിന്റെ പലിശയും പിഴപലിശയും (കോടതി സ്റ്റേ നിലവിലുള്ള സമയത്തേക്ക്) സർക്കാർ അനുമതിയോടെ ഒഴിവാക്കാനും തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 12.5.2000-ൽ 175 സെന്റ് സ്ഥലത്തിന്റെ പലിശയും പിഴ പലിശയും ഒഴിവാക്കാൻ അനുവദിക്കണമെന്ന് സർക്കാരിലേക്ക് അനുമതിക്കായി എഴുതി. അതിൻപ്രകാരം 1,35,19,641/- രൂപ ഒഴിവാക്കാൻ സർക്കാർ അനുമതിയായി.

ശ്രീ. ഒ. പി. മോംഗ 175 സെന്റ് സ്ഥലം അബാർഡ് കൺസ്ട്രക്ഷൻസ് (പ്രൈ) ലിമിറ്റഡ് എന്ന സ്ഥാപനത്തിന് കരാർ വച്ച് നൽകണമെന്ന് അഭ്യർത്ഥിച്ചു. 14.5.2004 ലെ ജനറൽ കൗൺസിൽ 19/2004-05 നമ്പർ തീരുമാനപ്രകാരം സെന്റൊന്നിന് 10000/- രൂപ ട്രാൻസ്ഫർ ഫീ ഈടാക്കി ട്രാൻസ്ഫർ ചെയ്ത് നൽകാൻ തീരുമാനിക്കുയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 24.5.2004 -ൽ 17,50,000/- രൂപ ട്രാൻസ്ഫർ ഫീ ആയും 875000/- രൂപ ജന്മാവകാശമായും അടക്കുകയുണ്ടായി.
ഇതിന്റെ അടിസ്ഥാനത്തിൽ 31.05.2004 -ൽ സെന്റൊന്നിന് 6,25,000/- രൂപ കണക്കാക്കി തീറാധാരം രജിസ്റ്റർ ചെയ്ത് കൊടുത്തിട്ടുള്ളതാണ്.

125 സെന്റ് സ്ഥലത്തിന്റെ ആധാരം നടത്തിയിട്ടില്ല. ആയതിന് ശ്രീ. ഒ. പി. മോംഗയുടെ ബാദ്ധ്യത കണക്കാക്കി ഈടാക്കുന്ന കാര്യം സർക്കാർ പരിഗണിച്ചു വരുന്നു.

(ബി) ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു വരുന്നു. നഷ്ടം കണക്കാക്കിയിട്ടില്ല.

(സി) ഈ വിഷയത്തിൽ ഏത് തരത്തിലുള്ള അന്വേഷണം നടത്തണമെന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

(ഡി) ആവശ്യമായി വരുകയാണെങ്കിൽ ഇതു സംബന്ധിച്ച് വിജിലൻസ് അന്വഷണം നടത്തുന്ന കാര്യം സർക്കാർ ആലോചിക്കുന്നതാണ്.

## നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാൻ നടപടി

*10 ശ്രീ. എ.എ. അസീസ്.
ശ്രീ. കോവൂർ കുഞ്ഞുമോൻ.

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാൻ സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) പൊതുവിതരണ സ്ഥാപനങ്ങളിൽ ചില അത്യാവശ്യ വസ്തുക്കൾ ഉപഭോക്താവിന് ആവശ്യത്തിന് ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ ആവശ്യത്തിന് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ;

(സി) സപ്ലൈകോ ശേഖരിക്കുന്ന ഭക്ഷ്യ സാധനങ്ങൾ കുടുംബശ്രീ യൂണിറ്റുകൾ വഴി യും, റസിഡന്റ്സ് അസോസിയേഷനുകൾ വഴിയും ന്യായവിലയ്ക്ക് ഗൃഹങ്ങളിൽ എത്തിക്കുന്നതിന് സംവിധാനം ഉണ്ടാക്കുമോ?

### ഉത്തരം : ശ്രീ.സി.ദിവാകരൻ (ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി )

(എ) വിലക്കയറ്റം നിയന്ത്രിക്കുന്നതിനും ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള അവശ്യ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുമായി സിവിൽസപ്ലൈസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ മാവേലിസ്റ്റോറുകൾ, ലാഭം സ്റ്റോറുകൾ, ശബരി സ്റ്റോറുകൾ, ശബരി സൂപ്പർ മാർക്കറ്റുകൾ തുടങ്ങിയ സ്ഥാപനങ്ങളിലൂടെ അവശ്യ സാധനങ്ങൾ വ്യാപകമായി വിതരണം ചെയ്തുവരുന്നു.

കൂടാതെ പൊതു കമ്പോളത്തിലെ എല്ലാ കടകളിലും വിലവിവര പട്ടിക പ്രദർശിപ്പിക്കാൻ നിഷ്കർഷിച്ചും വ്യാപാര സ്ഥാപനങ്ങളിൽ മിന്നൽ പരിശോധന നടത്തിയും വിലക്കയറ്റം നിയന്ത്രിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലാ കള ക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതലത്തിൽ പ്രൈസ് മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിച്ച് വിലനിലവാരം അവലോകനം ചെയ്തുവരുന്നു. വിലനിലവാരം പിടി ച്ചുനിറുത്തുന്നതിന്റെ ഭാഗമായി വ്യാപാരി വ്യവസായി സംഘടനകളുമായും ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷനുമായും മുഖ്യമന്ത്രിയും ഭക്ഷ്യമ ന്ത്രിയും ചർച്ചകൾ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീക രിക്കുകയും ചെയ്തു വരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പരാതികൾ ഒഴിവാക്കുന്നതിനായി സ്റ്റോക്ക് മോണിറ്ററിംഗ് സംവിധാനമുള്ള സെല്ലുകൾ പ്രവർത്തിച്ചുവരുന്നു.

(സി) സാധ്യതാപഠനം നടത്തി അനുയോജ്യമായ തീരുമാനം എടുക്കുന്നതാണ്.

## കരിങ്കൽ ക്വാറികളിൽ നിന്നും ഗ്രാമപഞ്ചായത്തുകൾക്കുകൂടി വരുമാനം ലഭ്യമാക്കാൻ നടപടി

*11 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തദ്ദേശസ്വയം ഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) കരിങ്കൽ ക്വാറിയിൽ നിന്നും വെട്ട്കല്ല് ക്വാറിയിൽനിന്നും ഗ്രാമപഞ്ചായത്തുകൾക്ക് വരുമാനമില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ക്വറികളിലേക്ക് പോകുന്ന റോഡുകൾ നിർമ്മിക്കുന്നതും അവയുടെ അറ്റകുറ്റപ്പണി നടത്തുന്നതും ത്രിതല പഞ്ചായത്തുകളാകയാൽ ക്വാറികളിൽനിന്ന് നിലവിൽ പഞ്ചായത്തുകൾക്ക് വരുമാനമില്ലാത്തത്, പഞ്ചായത്തുകൾക്ക് സാമ്പത്തിക നഷ്ടമാണ് ഉണ്ടാക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കരിങ്കൽ, ചെങ്കൽ ക്വാറികളിൽനിന്നും പഞ്ചായത്തുകൾക്ക് കൂടി വരുമാനമുണ്ടാക്കുന്ന രീതിയിലുള്ള നിയമനിർമ്മാണം പരിഗണനയിലുണ്ടോ?

### ഉത്തരം: ശ്രീ.പാലൊളി മുഹമ്മദ് കുട്ടി (തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി)

(എ) ഉണ്ട്

(ബി) ഉണ്ട്

(സി) 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പാറക്കല്ല്, കടപ്പാക്കല്ല്, മൊസൈക്ക്, മാർബിൾ എന്നിവ മുറിക്കുകയോ സംഭരിച്ചു വയ്ക്കുകയോ മിനുസപ്പെടുത്തുകയോ, തയ്യാറാക്കുകയോ, വിൽപന നടത്തുകയോ ചെയ്യണമെങ്കിൽ പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ കരിങ്കൽ, ചെങ്കൽ ക്വാറികളിൽ നിന്നും ക്വാറീയിംഗ് നടത്തുന്നതിനുള്ള പെർമിറ്റ് മലിനീകരണ നിയന്ത്രണ ബോർഡ്, മൈനിംഗ് ആന്റ് ജിയോളജി എന്നീ വകുപ്പുകളിൽ നിന്നുള്ള ക്ലിയറൻസിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാരും മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് അധികൃതരുമാണ് നൽകുന്നത്. ആയതിനാൽ കരിങ്കൽ, ചെങ്കൽ ക്വാറികളിൽ നിന്നും പഞ്ചായത്തുകൾക്കുകൂടി വരുമാനമുണ്ടാകുന്ന രീതിയിലുള്ള നിയമനിർമ്മാണം ഇപ്പോൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയിലില്ല.

## വല്ലാർപാടം പദ്ധതി

*12 ശ്രീ. സി.എം. ദിനേശ്മണി
ശ്രീ. എം.ജെ. ജേക്കബ്.
ശ്രീ. എം.എം. മോനായി.
ശ്രീ. എം.കെ. പുരുഷോത്തമൻ.
ശ്രീ. സാജുപോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മുഖ്യമന്ത്രി** സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടം പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ വിവിധ മന്ത്രാലയങ്ങളിൽനിന്നും ലഭിക്കേണ്ട അനുമതികൾ എല്ലാം ലഭിച്ചുകഴിഞ്ഞോ;

(സി) ഈ പദ്ധതിയുടെ ഒന്നാംഘട്ടം എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്;

(ഡി) റെയിൽപാതയ്ക്കും റോഡിനും ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ;

(ഇ) ഈ പദ്ധതിയുടെ പൂർത്തീകരണം കൊണ്ട് എത്ര പേർക്ക് തൊഴിൽ ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്?

**ഉത്തരം : ശ്രീ. വി.എസ്.അച്ചുതാനന്ദൻ(മുഖ്യമന്ത്രി)**

(എ) വല്ലാർപാടത്തെ ഇന്റർനാഷണൽ ട്രാൻസ്ഷിപ്മെന്റ് കണ്ടെയ്നർ ടെർമിനൽ നിർമ്മിക്കുന്നതിനുള്ള കരാർ ദുബായ് പോർട്ട് വേൾഡിന്റെ സബ്സിഡിയറിയായ ഇൻഡ്യാ ഗേറ്റ് ടെർമിനൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി 31.1.2005-ൽ ഒപ്പുവച്ചു. കരാർ വ്യവസ്ഥ പ്രകാരം ടി കമ്പനി 1.4.2007-ന് മുമ്പായി, കൊച്ചിൻ തുറമുഖ ട്രസ്റ്റ് താഴെ പറയുന്ന കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിന് വിധേയമായി അന്താരാഷ്ട്ര കണ്ടെയ്നർ ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കണം.

i) പദ്ധതിക്കായി Environment Clearance ലഭ്യമാക്കുക.

ii) പദ്ധതി പ്രദേശത്തിന് പ്രത്യേക സാമ്പത്തിക മേഖല പദവി ലഭ്യമാക്കുക.

iii) പദ്ധതി പ്രദേശത്തെ നാഷണൽ ഹൈവേയുമായി ബന്ധപ്പെടുത്തുന്നതിനുള്ള നിർമ്മാണം ആരംഭിക്കുക.

iv) പദ്ധതി പ്രദേശത്തെ റെയിൽവേ ലൈനുമായി ബന്ധപ്പെടുത്തുന്നതിനുള്ള റെയിൽ നിർമ്മാണം ആരംഭിക്കുക.

9.11.2006-ൽ പദ്ധതിക്കുള്ള Environmental Clearance ലഭ്യമാക്കി. 2.11.2006-ൽ പദ്ധതി പ്രദേശത്തിന് സ്പെഷ്യൽ എക്കണോമിക് സോൺ ആക്ട് 2005 പ്രകാരം പ്രത്യേക സാമ്പത്തിക മേഖല പദവി ലഭ്യമാക്കി. നാഷണൽ ഹൈവേയുമായി പദ്ധതിയെ ബന്ധിപ്പിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ 27.1.2007-ൽ ആരംഭിച്ചു. പദ്ധതിയെ റെയിൽവേ ലൈനുമായി ബന്ധിപ്പിക്കുന്നതിനുള്ള വർക്ക് ഓർഡർ റെയിൽ വികാസ് നിഗാം ലിമിറ്റഡ് 21.2.2007-ൽ നൽകി. നിർമ്മാണ പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കുന്നതാണ്. റെയിൽ കണക്ടിവിറ്റിയുടെയും റോഡ് കണക്ടിവിറ്റിയുടെയും നിർമ്മാണപ്രവർത്തനങ്ങളുടെ ഔപചാരിക ഉദ്ഘാടനം 9.2.2007-ൽ കേന്ദ്ര കപ്പൽ ഗതാഗത വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മുഖ്യമന്ത്രി നിർവ്വഹിച്ചു. വല്ലാർപാടത്ത് പദ്ധതിയുടെ നിർമ്മാണത്തിന് മുന്നോടിയായിട്ടുള്ള Geo Technical Investigation-ും Pile Load Testing-ും കമ്പനി പൂർത്തിയാക്കിക്കഴിഞ്ഞു. 1.4.2007-ൽ നിർമ്മാണം ആരംഭിക്കുന്നതിനായി പദ്ധതിയുടെ വിശദമായ ഡിസൈനിംഗ് പുരോഗമിച്ചു വരുന്നു.

(ബി) ലഭിച്ചു കഴിഞ്ഞു.

റെയിൽ/റോഡ് കണക്ടിവിറ്റിക്കായുള്ള നിക്ഷേപങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ പബ്ലിക് ഇൻവെസ്റ്റുമെന്റ് ബോർഡ് (PIB) ജനുവരി 2007-നാണ് ശുപാർശ നൽകിയത്. ഇതിന്റെ ഔപചാരിക അംഗീകാരം കേന്ദ്ര സർക്കാരിന്റെ Cabinet Committee on Economic Affairs (CCEA)-ൽനിന്നും കാത്തിരിക്കുന്നു.

(സി) 2009 ഏപ്രിൽ 1-ന് ഒന്നാംഘട്ടം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) ആവശ്യങ്ങൾക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിച്ചു വരുന്നു.

(ഇ) ഈ പദ്ധതിയുടെ പൂർത്തീകരണത്തോടെ നേരിട്ട് 2000 പേർക്കും പരോക്ഷമായി 15,000 പേർക്കും തൊഴിൽ ലഭിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

## പി.എസ്.സി. നിയമനസമ്പ്രദായത്തിലെ മാറ്റങ്ങൾ

*13 ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്.
ശ്രീ. കെ.വി. അബ്ദുൽ ഖാദർ
ശ്രീ. കെ.ടി. ജലീൽ.
ശ്രീ. എ. പ്രദീപ്കുമാർ.
എം. പ്രകാശൻ മാസ്റ്റർ.

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മുഖ്യമന്ത്രി** സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ നടപ്പാക്കിയ പുതിയ നിയമന സമ്പ്രദായത്തെ തുടർന്ന് സംവരണ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവംമൂലം നിയമനം നടത്താൻ കഴിയാത്ത എത്ര തസ്തികകൾ ഉണ്ടെന്ന് അറിയിക്കുമോ;

(ബി) ഈ തസ്തികകളിലേയ്ക്ക് നിയമനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്നു വ്യക്തമാക്കുമോ;

(സി) പി.എസ്.സി. ലിസ്റ്റിൽ സംവരണ വിഭാഗത്തിലെ ജീവനക്കാരുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) നിലവിലുള്ള നിയന സമ്പ്രദായത്തിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

### ഉത്തരം : ശ്രീ. വി.എസ്.അച്ചുതാനന്ദൻ(മുഖ്യമന്ത്രി)

(എ) സംവരണ വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾ ഇല്ലാതിരുന്നതുമൂലം നിയമനം നടത്താത്ത തസ്തികകൾ ഒന്നും തന്നെയില്ല. എല്ലാ റാങ്ക് ലിസ്റ്റുകളിലും ചട്ടപ്രകാരമുള്ള പിന്നോക്ക സമുദായ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്താറുണ്ട്. എന്നാൽ ചില തസ്തികകൾക്ക് കൂടുതൽ ഒഴിവുകൾ അറിയിച്ചു തുടങ്ങിയപ്പോൾ 67 സംസ്ഥാനതല റാങ്കുലിസ്റ്റുകളിലും 55 ജില്ലാതല റാങ്കു ലിസ്റ്റുകളിലും ഉൾപ്പെട്ട ചില സംവരണ സമുദായങ്ങളുടെ സപ്ലിമെന്ററി പട്ടിക ഉൾപ്പെടെയുള്ളവ തീർന്നുപോകുകയും തന്മൂലം ആ സമുദായങ്ങളിലെ ഉദ്യോഗാർത്ഥികളുടെ പ്രാതിനിധ്യക്കുറവ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ തസ്തികകളിലേയ്ക്ക് പ്രാതിനിധ്യക്കുറവ് വന്ന സമുദായങ്ങൾക്കുള്ള തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിക്കുന്ന എല്ലാ റാങ്ക് ലിസ്റ്റുകളിലും ചട്ടപ്രകാരം ആവശ്യമായ സംവരണ വിഭാഗം ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തുന്നുണ്ട്.

(ഡി) പിന്നോക്ക വിഭാഗ സംവരണവുമായി ബന്ധപ്പെട്ട് KS & SSR (റൂൾ 14, 15)-ൽ വരുത്തിയ ഭേദഗതിയുടെ വിവിധ വശങ്ങൾ സർക്കാർ പരിശോധിച്ചു വരികയാണ്.

## പുതിയ റേഷൻ കാർഡുകൾ

*14 ശ്രീ. മുരളി പെരുനെല്ലി
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
" കെ. സി. കുഞ്ഞിരാമൻ
" ടി. പി. കുഞ്ഞുണ്ണി
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കാർഡുകളുടെ കാലാവധി കഴിഞ്ഞ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പുതിയ കാർഡുകൾ വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുളള നടപടികൾ വ്യക്തമാക്കുമോ ;

(സി) പുതിയ റേഷൻ കാർഡിൽ കൂടുതലായി എന്തെങ്കിലും വിവരങ്ങൾ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) പുതിയ കാർഡുകൾ എന്ന് മുതൽ വിതരണം ചെയ്യുമെന്നറിയിക്കുമോ ?

**ഉത്തരം : ശ്രീ.സി.ദിവാകരൻ (ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി )**

(എ), (ബി), (സി), &(ഡി) ലാമിനേറ്റ് ചെയ്ത പുതിയ റേഷർ കാർഡുകൾ പരമാവധി വിവരങ്ങൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കുന്നതിന് കെൽട്രോണിനെയും ഗവണ്മെന്റ് പ്രസ്സിനെയും ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ബി.പി.എൽ., എ.പി.എൽ. ലിസ്റ്റിന്റെ സൂക്ഷ്മ പരിശോധന ഗ്രാമവികസന വകുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്. അത് പൂർത്തിയായാലുടൻ കാർഡുകൾ വിതരണം ചെയ്യാൻ കഴിയും.

## പ്രത്യേക സാമ്പത്തിക മേഖലകളുടെ രൂപീകരണം

*15 ശ്രീ. എ. എം. യൂസഫ്
ശ്രീ. ആനത്തലവട്ടം ആനന്ദൻ
,, സി.എം. ദിനേശ് മണി
,, പി. ജയരാജൻ
,, ജോർജ് എം. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മുഖ്യമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം പ്രദേശങ്ങളെയാണ് ഇപ്പോൾ പ്രത്യേക സാമ്പത്തിക മേഖലയായി പ്രഖ്യാപിച്ചിട്ടുള്ളത്;

(ബി) പ്രത്യേക സാമ്പത്തിക മേഖലയ്ക്ക് നൽകുന്ന സൗജന്യങ്ങൾ എന്തെല്ലാമാണ്;

(സി) പ്രത്യേക സാമ്പത്തിക മേഖല അനുവദിക്കുന്നതു സംബന്ധിച്ച നയം എന്താണെന്നു വ്യക്തമാക്കുമോ;

(ഡി) പുതുതായി പ്രത്യേക സാമ്പത്തിക മേഖലയാക്കുന്നതിന് പരിഗണനയിലുള്ള പ്രദേശങ്ങൾ ഏതെല്ലാമാണ്;

(ഇ) പ്രത്യേക സാമ്പത്തിക മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ തൊഴിൽ ചൂഷണം തടയുന്നതിനും തൊഴിൽ നിയമങ്ങൾ ഉറപ്പുവരുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(എഫ്) പ്രത്യേക സാമ്പത്തിക മേഖല സംബന്ധിച്ച് എന്തെങ്കിലും ഭേദഗതി നിർദ്ദേശം കേന്ദ്രസർക്കാരിനു സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

### ഉത്തരം : ശ്രീ. വി.എസ്.അച്ചുതാനന്ദൻ(മുഖ്യമന്ത്രി)

(എ) നമ്മുടെ സംസ്ഥാനത്ത് 11 പ്രത്യേക സാമ്പത്തിക മേഖലയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദാംശം അനുബന്ധം 1-ൽ കാണാവുന്നതാണ്.

(ബി) പ്രത്യേക സാമ്പത്തിക മേഖലയ്ക്കുള്ള സംസ്ഥാന സർക്കാർ സൗജന്യങ്ങൾ എസ്.ഇ.സെഡ് ആക്ട് 2005, എസ്.ഇ.സെഡ് റൂൾ 2006 പ്രകാരമാണ്. ഒരു പദ്ധതിയെ പ്രത്യേക സാമ്പത്തിക മേഖലയിൽ ഉൾപ്പെടുത്തുന്നതിന് ശുപാർശ ചെയ്യുന്നതിന് മുമ്പ് അവയ്ക്ക് താഴെപ്പറയുന്ന സൗജന്യങ്ങൾ സംസ്ഥാന സർക്കാർ നൽകുമെന്ന് ഉറപ്പാക്കണം.

1) സംസ്ഥാന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നികുതി (സ്റ്റാമ്പ് ഡ്യൂട്ടി ഉൾപ്പെടെ) നികുതിയിൽനിന്നും ആ യൂണിറ്റിൽ ഉണ്ടാക്കുന്ന സാധനങ്ങൾക്ക് ഇളവ് നൽകണം.
2) പ്രത്യേക സാമ്പത്തിക മേഖലയിൽ ഉള്ള സ്ഥാപനങ്ങളെ വൈദ്യുതി നികുതി, വിൽപ്പന നികുതി, ജനറേറ്റർ ഉപയോഗിക്കുന്നതിനോ, വൈദ്യുതി വാങ്ങുന്നതിനോ ഉള്ള നികുതി എന്നിവയിൽ നിന്നെല്ലാം ഒഴിവാക്കണം.
3) ഇലക്ട്രിസിറ്റി ആക്ട് 2003 പ്രകാരമുള്ള വൈദ്യുതി ഉൽപാദനം, വിതരണം എന്നിവ പ്രത്യേക സാമ്പത്തിക മേഖലയ്ക്കുള്ളിൽ അനുവദിക്കണം.
4) സംരംഭകന് വെള്ളം. വൈദ്യുതി, മറ്റ് അത്യാവശ്യ സേവനങ്ങൾ ലഭ്യമാക്കണം.
5) 1947-ലെ ഐ.ഡി. ആക്ട് പ്രകാരവും യൂണിറ്റുമായി ബന്ധമുള്ള നിയമങ്ങൾ പ്രകാരവും അധികാരം ഡെവലപ്മെന്റ് കമ്മീഷണറെ ചുമതലപ്പെടുത്തേണ്ടതാണ്
6) വ്യവസായത്തിന്റെ കീഴിലുള്ള തൊഴിലാളികളുമായി ബന്ധപ്പെട്ട അധികാരങ്ങളും ഐ.ഡി. ആക്ട് പ്രകാരം ഡെവലപ്മെന്റ് കമ്മീഷണറെ ചുമതലപ്പെടുത്തേണ്ടതാണ്.
7) പ്രത്യേക സാമ്പത്തിക മേഖല പ്രഖ്യാപനം 1947-ലെ ഐ.ഡി. ആക്ട് പ്രകാരം ഒരു പൊതു ഉപയുക്തതാ സേവനമാണ്.

(സി) 17.6.2003-ലെ ജി..ഒ(ആർ.ടി.) നമ്പർ 576/2003/ഐ.ഡി. ഉത്തരവു പ്രകാരമുള്ളതാണ് പ്രത്യേക സാമ്പത്തിക മേഖല സംബന്ധിച്ചുള്ള സർക്കാരിന്റെ നിലവിലുള്ള നയം. ഈ സർക്കാർ പ്രത്യേക സാമ്പത്തിക മേഖലയെ സംബന്ധിച്ച പുതിയ നയം സ്വീകരിച്ചിട്ടില്ല.

(ഡി) നമ്മുടെ സംസ്ഥാനത്ത് 11 പ്രത്യേക സാമ്പത്തിക മേഖലയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിനു പുറമേ താഴെപ്പറയുന്ന 4 സംരംഭകർ ഇന്ത്യാ ഗവണ്മെന്റിനോട് ശുപാർശ ചെയ്യാൻ സംസ്ഥാന ഗവണ്മെന്റിനോട് അപേക്ഷിച്ചിട്ടുണ്ട്.

1) ടെമ്പിൾവാലി ഫാംസ് ആന്റ് ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ്, ദേശം, ആലുവ, എറണാകുളം.
2) യൂണിടെക് ലാന്റ് മാർക്ക് ബിൽഡേഴ്സ്, ഉത്താരി, പീതാംപുരം, ന്യൂഡെൽഹി.
3) കൊച്ചിൻ ടെക്നോപാർക്ക്, കൊച്ചി.
4) എൽ.എം.ജെ. വെയർഹൗസിംഗ് പ്രൈവറ്റ് ലിമിറ്റഡ്, കാക്കനാട്, കൊച്ചി.

(ഇ) രാജ്യത്ത് നിലവിലുള്ള തൊഴിൽ നിയമങ്ങൾ പാലിക്കുവാൻ എല്ലാ സ്ഥാപനങ്ങളും ബാദ്ധ്യസ്ഥമാണ്.

(എഫ്) ഉണ്ട്. പ്രത്യേക സാമ്പത്തിക മേഖല അനുവദിക്കുന്നതിനുള്ള ഭൂപരിധി ചില സംസ്ഥാനങ്ങൾക്ക് അനുവദിച്ചിട്ടുള്ളതുപോലെ കുറവ് വരുത്തണമെന്ന ഭേദഗതി നിർദ്ദേശം മുൻ സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

## Appendix
## LIST OF SEZs APPROVED IN KERALA

| Sl. No. | Developer and Location | Category | Ares (Hect) | Approval Status |
|---|---|---|---|---|
| 1 | Cochin Port Trust, Vallarpadam | Multi-product | 115 | Formal Approval |
| 2 | Cochin Port Trust, Puthuvypin | Multi-product | 286 | Formal Approval |
| 3 | KINFRA, Kakkencherry, Calicut | Food Processing | 12 | Formal Approval |
| 4 | Infopark, Kusurnagari, Cochin | IT/ITES | 37 | Formal Approval |
| 5 | KINFRA, Kazhakkoottam, TVPM | IT(Animation & Gaming) | 9.2 | Formal Approval |
| 6 | Technopark, Trivandrum, Electronics Technology Parks, Kerala | IT/ITES | 34 | Formal Approval |
| 7 | Smart City (Kochi) Infrastructure Pvt. Ltd., Kusurnagar, Kakkanad | IT/ITES | 404 | In-principal Approval |
| 8 | Sutherland Global Services Pvt. Ltd., Kalamassery, Kochi | IT/ITES | 10 | In-principal Approval |
| 9 | KINFRA, Kochin, Kerala | Electronics Industry | 12.141 | BOA has accorded formal approval in the meeting held on 8th August, 2006 |

| | | | | |
|---|---|---|---|---|
| 10 | Trivandrum Technology Parks, Kerala, TechnoparkCampus (Adjacent) | IT/ITES | 12.55 | Formal Approval |
| 11 | Unitech Real Estate Projects Ltd., Morakkala, Kunnathunadu Tq. Ernakulam Dist. | IT/ITES | 10 | Formal Approval |

## ബി.പി.എൽ. ലിസ്റ്റിന്റെ നവീകരണം

*16 ശ്രീ. എം.കെ. പുരുഷോത്തമൻ
ശ്രീ. ബാബു എം. പാലിശ്ശേരി
,, കെ. സി. കുഞ്ഞിരാമൻ
,, ബി. രാഘവൻ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത അർഹതയുള്ള കുടുംബങ്ങളെ ബി.പി.എൽ.ലിസ്റ്റിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് സർവെ എന്നു പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) സംസ്ഥാനത്തെ ആദിവാസി കൂടുംബങ്ങളിൽ വളരെയധികം പേർ എ.പി.എൽ കാർഡുടമകളാണ് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതുപരിഹരിക്കാൻ നടപടി സ്വികരിക്കുമോ;

(ഇ) ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം വ്യക്തമാക്കുമോ;

(എഫ്) അനർഹർ ലിസ്റ്റിൽ ഉൾപ്പെടാതിരിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്;

(ജി) നിലവിലുള്ള ലിസ്റ്റിൽ ബി.പി.എൽ വിഭാഗത്തിൽ എത്ര പേരാണ് ഉള്ളതെന്ന് അറിയിക്കുമോ?

### ഉത്തരം: ശ്രീ.പാലൊളി മുഹമ്മദ് കുട്ടി (തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പുമന്ത്രി)

(എ) ഉണ്ട്

(ബി)

1. കേന്ദ്ര സർക്കാർ നിർദ്ദേശമനുസരിച്ച് 2003-ൽ സംസ്ഥാനത്ത് ഗ്രാമപ്രദേശങ്ങളിൽ ദാരിദ്ര്യരേഖാ (ബി.പി.എൽ) സെൻസസ് നടത്തുകയും ഇത് പ്രകാരം ശേഖരിച്ച വിവരങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്യുകയും ചെയ്തിരുന്നു. 2003-ൽ നടന്ന ബി.പി.എൽ. സെൻസസിലൂടെ ലഭിച്ച വിവരങ്ങളുടെ സാധുതാ പരിശോധന കുടുംബശ്രീ, സംഘടനാ സംവിധാനത്തിലൂടെ ഇപ്പോൾ നടത്തിവരുന്നു.
2. സാധുതാ പരിശോധന നടത്തുമ്പോൾ കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെയും അയൽ പ്രദേശത്തും 2003-ൽ നടത്തിയ സെൻസസിൽ ഉൾപ്പെട്ടിട്ടില്ലാത്ത ദരിദ്ര കുടുംബങ്ങളുടെ വിവരം പുതിയതായി ശേഖരിക്കുന്നുണ്ട്
3. പട്ടികജാതി, പട്ടികവർഗ്ഗം, മത്സ്യത്തൊഴിലാളി മേഖലകളിലെ ദാരിദ്ര്യ കുടുംബങ്ങളെയും സംബന്ധിച്ച വിവരങ്ങളും സാധുതാ പരിശോധനാ സമയത്ത് ശേഖരിക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കുന്നുണ്ട്.
4. സാധുതാ പരിശോധനയ്ക്ക് ശേഷം ലഭിക്കുന്ന വിവരങ്ങൾകൂടി കമ്പ്യൂട്ടർവൽകൃത പട്ടികയിലുൾപ്പെടുത്തും.
5. പഞ്ചായത്ത്/വാർഡ് അടിസ്ഥാനത്തിൽ ദാരിദ്ര്യകുടുംബങ്ങളുടെ മുൻഗണനാ പട്ടിക തയ്യാറാക്കി ഗ്രാമസഭയുടെ അംഗീകാരത്തിന് സമർപ്പിക്കും.
6. ഗ്രാമസഭയുടെ പരിഗണനയ്ക്ക് കരട് പട്ടിക സമർപ്പിക്കുമ്പോഴും പട്ടികയിൽ ഉൾപ്പെടാത്ത കുടുംബങ്ങളുണ്ടെങ്കിൽ അർഹത മാനദണ്ഡങ്ങൾക്ക് വിധേയമായി ഉൾപ്പെടുത്തുന്നതിന് അവസരം ലഭിക്കും.

(സി) ദാരിദ്ര്യ കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിനുള്ള സർവെ പ്രവർത്തനം 2003-ൽത്തന്നെ പൂർത്തിയായി. ഇതിലൂടെ ലഭിച്ച വിവര ശേഖരിത്തിന്റെ സാധുതാ പരിശോധന 2007 മാർച്ച് 31-നു മുമ്പായി പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) റേഷൻ കാർഡുകൾ നൽകുന്നത് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പാണ്. ദാരിദ്ര്യ കുടുംബങ്ങളുടെ പുതിയ പട്ടിക പ്രസിദ്ധീകരിക്കുന്നതോടുകൂടി ആദിവാസി വിഭാഗങ്ങളിലെ ദരിദ്ര കുടുംബങ്ങളുടെ കൈവശം എ.പി.എൽ. കാർഡുകളുണ്ടെങ്കിൽ ഈ അപാകത പ്രസ്തുത വകുപ്പിന് പരിഹരിക്കാവുന്നതാണ്.

(ഇ) ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി 2003-ലെ സർവ്വേയിൽ കേന്ദ്ര ഗവണ്മെന്റിന്റെ നിർദ്ദേശപ്രകാരം *കുടുംബ*ത്തിന്റെ ജീവിതനിലവാരത്തെ സൂചിപ്പിക്കുന്ന സാമൂഹികവുമായ 13 സൂചകങ്ങളുടെ അടിസ്ഥാനമാക്കേണ്ട താണെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ സംസ്ഥാനത്തെ ബി.പി.എൽ. ലിസ്റ്റിൽ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ സംസ്ഥാന സർക്കാർ നിശ്ചച്ചിട്ടില്ല.

(എഫ്) പട്ടിക തയ്യറാക്കുമ്പോൾ അപാകതകൾ ഇല്ലാതാക്കാനും അനർഹർ ഉൾപ്പെടാതിരിക്കാനും താഴെ കുറിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. 2003-ലെ ബി.പി.എൽ. സെൻസസ്സിൽ ലഭിച്ചിട്ടുള്ള വിവരങ്ങൾ കംപ്യൂട്ടറിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
2. കമ്പ്യൂട്ടർവൽകൃത വിവരശേഖരം കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ അംഗങ്ങളായ ദരിദ്ര കുടുംബങ്ങൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിനും അയൽക്കൂട്ട യോഗങ്ങളിൽ കൂട്ടായി വിവരശേഖരങ്ങൾ വിലയിരുത്തുന്ന തിനുമുള്ള അവസരവും ഒരുക്കിയിട്ടുണ്ട്.
3. അയൽക്കൂട്ട തലത്തിൽ നടക്കുന്ന വിവരശേഖരത്തിന്റെ സാധുതാ പരിശോധനയിലൂടെ പാവപ്പെട്ട കുടുംബങ്ങളെ സംബന്ധിച്ച വിവരങ്ങളുടെ കൃത്യത അവർക്ക് നേരിട്ട് ബോദ്ധ്യപ്പെടുത്തുന്നതിനും സർവ്വെ നടന്ന 2003-ന് ശേഷം ഓരോ കുടുംബത്തിനും ഉണ്ടായിട്ടുള്ള സാമൂഹിക സാമ്പത്തിക ഭൗതിക വ്യതിയാനങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നതിനും കഴിയുന്നു. ദരിദ്ര കുടുംബങ്ങൾ പട്ടികയിൽനിന്നും വിട്ടു പോയിട്ടുണ്ടെങ്കിൽ ഉൾപ്പെടുത്തുന്നതിനും ഈ പ്രക്രിയയിലൂടെ സാദ്ധ്യമാകുന്നു.
4. പട്ടികജാതി-പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി കുടുംബങ്ങൾ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്.

അയൽക്കൂട്ട അംഗങ്ങളുടെ പങ്കാളിത്തത്തോടെ നടത്തുന്ന സാമൂഹിക പരിശോധനയ്ക്കുശേഷം ലഭ്യമാകുന്ന വിവരങ്ങൾ വീണ്ടും വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ മുൻഗണനാക്രമത്തിൽ കരട് പട്ടിക തയ്യാറാക്കുകയും കരട് ദരിദ്ര കുടുംബ പട്ടിക ഗ്രമാസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യും.

(ജി) നിലവിലുള്ള ദാരിദ്ര്യരേഖാ ലിസ്റ്റിൽ 17.23 ലക്ഷം കുടുംബങ്ങൾ ഉണ്ട്.

## ജവഹർലാൽ നെഹ്റു നഗരപുനരുദ്ധാരണ പദ്ധതി

*17 ശ്രീ. ജി. കാർത്തികേയൻ
ശ്രീ. വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

എ തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ ജവഹർലാൽ നെഹ്റു നഗരപുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച് ധനസഹായം ലഭിക്കുന്നതിനുള്ള ഈ കേന്ദ്ര നിർദ്ദേശങ്ങൾ പൂർണ്ണമായും അംഗീകരിച്ചിട്ടുണ്ടോ;

ബി ഇല്ലെങ്കിൽ ഈ നിർദ്ദേശങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

**ഉത്തരം: ശ്രീ. പാലൊളി മുഹമ്മദ് കുട്ടി (തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പുമന്ത്രി)**

(എ) & (ബി) സംസ്ഥാന മന്ത്രിസഭ താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അംഗീകാരം നൽകിയിട്ടുണ്ട്.

1. നിർബ്ബന്ധിത പരിഷ്കാരമായ സ്റ്റാമ്പ് ഡ്യൂട്ടി പദ്ധതി കാലയളവിനുള്ളിൽ 5 % ആയി കുറയ്ക്കണമെന്നതും
2. ഓപ്ഷണൽ പരിഷ്കാരങ്ങളിൽ കൃഷിഭൂമി കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച നിയമഭേദഗതി വരുത്തുന്നതും
3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ റിട്ടയർമെന്റ് മുഖേനയുണ്ടാകുന്ന ഒഴിവുകൾ നികത്താതെ ഭരണച്ചെലവ് കുറയ്ക്കുന്നത് സംബന്ധിച്ചും ഭേദഗതി വരുത്തേണ്ടതാണ്.

ആയത് സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി ചർച്ച നടത്തി തീരുമാനിക്കുന്നതാണ്.

## നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിനു നടപടി

*18 ശ്രീമതി. പി. അയിഷാപോറ്റി
ശ്രീ. കെ. കുഞ്ഞിരാമൻ
" പി.പി.അബ്ദുള്ളകുട്ടി
ശ്രീ.ബി.ഡി.ദേവസ്സി
" എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ;

(ബി) വിലക്കയറ്റംതടയുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) വിലക്കയറ്റം തടയുന്നതിന് കൂടുതൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ഇ) സർക്കാർ നടപടികളുടെ ഫലമായി നിത്യോപ യോഗ സാധനങ്ങളുടെ വില വർദ്ധനവ് തടയുന്നതിന് സാധിച്ചിട്ടുണ്ടോ;എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

**ഉത്തരം : ശ്രീ.സി.ദിവാകരൻ (ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി )**

(എ) അടിക്കടി ഉണ്ടായ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവും നാണയപ്പെരുപ്പത്തിന്റെയും ഫലമായി നിത്യോപയോഗ സാധനങ്ങളുടെ വില വ്യത്യാസപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ഭക്ഷ്യധാന്യങ്ങളുടെ ഉൽപാദനമില്ലായ്മ, ആഗോള കുത്തക കമ്പനികളുടെ കടന്നുകയറ്റം, കുത്തക വ്യവസായികൾ സാധനങ്ങൾ മൊത്തമായി വാങ്ങി ശേഖരി.ച്ചുവയ്ക്കൽ എന്നിവ വിലക്കയറ്റത്തിന് കാരണമാകുന്നു.

(ബി) വിലക്കയറ്റം നിയന്ത്രിക്കുന്നതിനും ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിനുമായി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ മാവേലി സ്റ്റോറുകൾ, ലാഭം സ്റ്റോറുകൾ, ശബരി സ്റ്റോറുകൾ, ശബരി സൂപ്പർ സ്റ്റോറുകൾ തുടങ്ങിയ സ്ഥാപനങ്ങളിലൂടെ അവശ്യസാധനങ്ങൾ വ്യാപകമായി വിതരണം ചെയ്തു വരുന്നു. ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ ഉൽപാദനകേന്ദ്രങ്ങളിൽനിന്നും നേരിട്ട് സംഭരിച്ച് വിതരണം ചെയ്യുന്നു. സ്പെഷ്യൽ ഫെയറുകൾ നടത്തുന്നു. പ്രധാന നഗരങ്ങളിലെ സൂപ്പർ മാർക്കറ്റുകൾ ആഴ്ചയിൽ എല്ലാ ദിവസവും പ്രവർത്തിക്കുന്നു. സാധാരണ വിലക്കുറവിന് പുറമെ 2 ശതമാനം പ്രത്യേക കിഴിവും അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 6 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നു. റേഷൻ കടകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി കരിഞ്ചന്തക്കാരേയും പൂഴ്ത്തിവയ്പുകാരേയും കർശനമായി നേരിടാൻ സർക്കാർ നടപടികൾ സ്വീകരിച്ചു.

കൂടാതെ പൊതുകമ്പോളത്തിലെ എല്ലാ കടകളിലും വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാൻ നിഷ്ക്കർഷിച്ചും വ്യാപാര സ്ഥാപനങ്ങളിൽ മിന്നൽപ്പരിശോധന നടത്തിയും വിലക്കയറ്റം നിയന്ത്രിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതലത്തിൽ പ്രൈസ് മോണിട്ടറിംഗ് സെല്ലുകൾ രൂപീകരിച്ച് വിലനിലവാരം വിലയിരുത്തി വരുന്നു. വിലനിലവാരം പിടിച്ചു

നിർത്തുന്നതിന്റെ ഭാഗമായി വ്യാപരി-വ്യവസായി സംഘടനകളുമായും ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷനുമായും മുഖ്യമന്ത്രിയും ഭക്ഷ്യമന്ത്രിയും നടത്തിയ ചർച്ചകളുടെ ഫലമായി നിത്യോപയോഗ സാധനങ്ങൾക്കും ഭക്ഷ്യ വസ്തുക്കൾക്കും ഗണ്യമായ തോതിൽ വിലകുറയ്ക്കാൻ കഴിഞ്ഞു.

(സി) വിലക്കയറ്റം തടയുന്നതിന് കൂടുതൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനും, തെരഞ്ഞെടുക്കപ്പെട്ട റേഷൻ കടകൾ ശബരി സ്റ്റോറുകളാക്കി മാറ്റി മാവേലി സ്റ്റോറിന്റെ അതേ വിലയ്ക്ക് അവശ്യസാധനങ്ങൾ വിൽക്കാനും തീരുമാനിച്ചിട്ടുണ്ട്.

(ഡി) കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുന്നതിന് ജില്ലാ സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് റെയ്ഡുകൾ നടത്തുകയും നടപടികൾ കൈക്കൊണ്ടുവരികയും ചെയ്യുന്നു. കൂടാതെ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പ്രൈസ് മോണിട്ടറിംഗ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

(ഇ) സർക്കാർ നടപടികളുടെ ഫലമായി നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞുനിറുത്താൻ സാധിച്ചിട്ടുണ്ട്. പൊതുകമ്പോളത്തിൽ 20 ശതമാനം മുതൽ 40 ശതമാനംവരെ വിലക്കുറവ് അനുഭവപ്പെട്ടു തുടങ്ങി. വിലവിവരപ്പട്ടിക അനുബന്ധമായി ചേർക്കുന്നു.

(അനുബന്ധം ഇതേ ദിവസത്തെ ഉത്തരത്തോടൊപ്പം ചേർത്തിരിക്കുന്നത് നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്.)

## പ്രൈസ് മോണിറ്ററിംഗ് കമ്മിറ്റികൾ

*19 ശ്രീ. കെ. ബാബു
,, വർക്കല കഹാർ
,, വി.ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും പ്രൈസ് മോണിറ്ററിംഗ് കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) സാധനങ്ങളുടെ വില വർദ്ധിച്ചതായി കമ്മിറ്റിക്കു ബോദ്ധ്യപ്പെടുന്ന പക്ഷം അത് കുറയ്ക്കാൻ സ്വീകരിക്കുന്ന നടപടിയെന്താണ്;

(സി) ഹോട്ടലുകളും റസ്റ്റോറന്റുകളും ഈ കമ്മിറ്റിയുടെ അനുവാദത്തോടുകൂടിയേ ഭക്ഷണസാധനങ്ങളുടെ വില വർദ്ധിപ്പിക്കാവൂ എന്ന് നിർദ്ദേശിക്കുമോ;

(ഡി) പരാതികൾ സ്വീകരിക്കാനും അവയിന്മേൽ നടപടി സ്വീകരിക്കാനും ഈ കമ്മിറ്റികൾക്ക് അധികാരം നൽകുമോ?

**ഉത്തരം : ശ്രീ.സി.ദിവാകരൻ (ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി )**

(എ) എല്ലാ ജില്ലകളിലും പ്രൈസ് മോണിറ്ററിംഗ് കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) സാധനങ്ങളുടെ വില വർദ്ധിച്ചതായി കമ്മിറ്റിക്ക് ബോദ്ധ്യപ്പെടുന്നപക്ഷം കമ്മിറ്റികളിലെ ഉദ്യോഗസ്ഥരടങ്ങുന്ന ജോയിന്റ് സ്ക്വാഡ് പരിശോധന നടത്തി നടപടി സ്വീകരിക്കാറുണ്ട്.

(സി) & (ഡി) പരിശോധിക്കാവുന്നതാണ്.

## കെട്ടിട നിർമ്മാണരംഗത്തെ പ്രതിസന്ധി

*20 ശ്രീ. വി. ശിവൻകുട്ടി
,, പി. വിശ്വൻ
, വി. ചെന്താമരാക്ഷൻ
,, പി.ടി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണത്തിന് സോണൽ എക്സംപ്ഷൻ നല്കുന്നത് നിരോധിച്ചു കൊണ്ടുള്ള ഹൈക്കോടതി വിധിയെ തുടർന്ന് സംസ്ഥാനത്ത് കെട്ടിട നിർമ്മാണ രംഗത്ത് ഉണ്ടായിട്ടുള്ള പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന് പരിഹാരം കാണുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

**ഉത്തരം :ശ്രീ.പാലൊളി മുഹമ്മദ് കുട്ടി (തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി)**

(എ) ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ 8740/97-ാം നമ്പർ ഒ.പി.-യിലെ 7.11.2005-ലെ വിധിയെ തുടർന്ന് സോണൽ എക്സംപ്ഷൻ നൽകാൻ കഴിയുന്നില്ല. ഇതുമൂലം ചില ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ പഴക്കംചെന്ന പല നഗരാസൂത്രണ പദ്ധതികളും കാലോചിതമായി യഥാവിധി പരിഷ്ക്കരിക്കാത്തതിനാലാണ് കെട്ടിട നിർമ്മാണത്തിന് ബുദ്ധിമുട്ടുണ്ടാകുന്നതും തദ്വാരാ വ്യക്തിഗതമായി മേഖലാ നിയന്ത്രണങ്ങളിൽനിന്നും ഇളവു കൊടുക്കേണ്ട അവസ്ഥയും സംജാതമായത്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിക്കുശേഷം സംജാതമായ സാഹചര്യം വിലയിരുത്തിക്കൊണ്ട് ഊർജ്ജിതമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ കാലപ്പഴക്കംചെന്ന എല്ലാ അംഗീകൃത നഗരാസൂത്രണ പദ്ധതികളും രണ്ടു ഘട്ടങ്ങളിലായി പരിഷ്ക്കരിക്കാൻ സർക്കാർ നടപടികൾ എടുത്തു വരുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, കോഴിക്കോട്, കൊച്ചി നഗരങ്ങളിലെ അംഗീകൃത നഗരാസൂത്രണ പദ്ധതികൾ പരിഷ്ക്കരിക്കാനുദ്ദേശിച്ചുകൊണ്ടുള്ള കരട് വിജ്ഞാപനം യഥാക്രമം സ.ഉ. (എം.എസ്) നം.293/06/തസ്വഭവ. തീയതി 23/12/2006, 9/07/തസ്വഭവ. തീയതി 8/1/07, 10/07/ തസ്വഭവ. തീയതി 8/1/07 എന്നീ നമ്പരുകളിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞു. ഇതിൽ പൊതുജനങ്ങളിൽ നിന്നുള്ള പരാതികളും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ലഭിച്ചു കഴിഞ്ഞു. ഇവയിൽ ഉൾക്കൊള്ളിക്കാവുന്നവകൂടി കണക്കിലെടുത്ത് പരിഷ്ക്കരിച്ച നഗരാസൂത്രണ പദ്ധതികളുടെ വിജ്ഞാപനം എത്രയുംവേഗം പുറപ്പെടുവിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇങ്ങനെ ചെയ്യുകവഴി മേഖല നിയന്ത്രണങ്ങളിൽനിന്നും വ്യക്തിഗത ഇളവുകൾ നൽകേണ്ട ആവശ്യം ഉണ്ടാകാനിടയില്ല. കൂടാതെ തൃശ്ശൂർ, കൊല്ലം കോർപ്പറേഷനുകളിലും ഇപ്രകാരമുള്ള കരട് വിജ്ഞാപനം പുറപ്പെടുവിക്കാൻ തയ്യാറായിക്കൊണ്ടിരിക്കുന്നു.

## ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ പട്ടിക പുതുക്കുവാനുള്ള നടപടികൾ

*21 ശ്രീ. കെ. സി. ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തദ്ദേശസ്വയംഭരണവും**
**ഗ്രാമവികസനവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ പട്ടിക പുതുക്കുവാനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണു്;

(ബി) ഇതു സംബന്ധിച്ച് പ്രാഥമിക സർവ്വെ പൂർത്തിയായിട്ടുണ്ടോ;

(സി) ലിസ്റ്റിലുണ്ടാകുന്ന അപാകതകൾ പരിഹരിക്കുവാൻ എന്തു സംവിധാനമാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം: ശ്രീ.പാലൊളി മുഹമ്മദ് കുട്ടി (തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പുമന്ത്രി)

(എ) കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് സംസ്ഥാനത്തെ ഗ്രാമ പ്രദേശങ്ങളിലെ ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള കുടുംബങ്ങളെ കണ്ടെത്തുന്നതിന് വേണ്ടി 2003-ലാണ് ദാരിദ്ര്യ രേഖാ സെൻസസ് സംസ്ഥാനത്ത് നടന്നത്. ഈ സെൻസസ് പ്രകാരം ശേഖരിച്ച വിവരങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട് ഈ വിവരങ്ങളുടെ സാധുത പരിശോധനകുടുംബശ്രീ, സംഘടനാ സംവിധാനത്തിലൂടെ ഇപ്പോൾ നടന്നുവരുന്നു.

(ബി) ദാരിദ്ര്യ കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിനുള്ള സെൻസസ്സ് (ബി.പി.എൽ സെൻസസ്സ്) സംസ്ഥാനത്ത് 2003-ൽ നടത്തുകയുണ്ടായി

(സി) ദാരിദ്ര്യ കുടുംബങ്ങളുടെ പട്ടികയിലുണ്ടാകാനിടയുള്ള അപാകതകൾ പരിഹരിക്കുന്നതിനു വേണ്ടി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്..

1. 2003-ലെ ബി.പി.എൽ സെൻസസ്സിലൂടെ ലഭിച്ച വിവരങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്തു.
2. കമ്പ്യൂട്ടർവൽകൃത വിവരശേഖരം കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ അംഗങ്ങളായ ദാരിദ്ര്യ കുടുംബങ്ങൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിനും അയൽക്കൂട്ടങ്ങൾ യോഗം ചേർന്നുകൊണ്ട് കൂട്ടായി വിവരശേഖരത്തെ വിലയിരുത്തുന്നതിനും അവസരമുണ്ടാക്കി.
3. അയൽക്കൂട്ടതലത്തിൽ നടക്കുന്ന വിവരശേഖരത്തിന്റെ സാധുത പരിശോധനയിലൂടെ പാവപ്പെട്ട കുടുംബങ്ങളെ സംബന്ധിച്ച് വിവരങ്ങളുടെ കൃത്യത അവർക്ക് നേരിട്ട് ബോധ്യപ്പെടുത്തുന്നതിനും സർവ്വേ നടന്ന 2003-നു ശേഷം ഓരോ കുടുംബങ്ങളിലുമുണ്ടായിട്ടുള്ള സാമ്പത്തിക - ഭൗതിക മാറ്റങ്ങൾ കൃത്യമായും രേഖപ്പെടുത്തുന്നതിനും കഴിയുന്നു. ദാരിദ്ര്യ കുടുംബങ്ങൾ പട്ടികയിൽ നിന്നും വിട്ടു പോയിട്ടുണ്ടെങ്കിൽ ഉൾപ്പെടുത്തുന്നതിനും ഈ പ്രക്രിയയിലൂടെ അവസരം ലഭിക്കുന്നു.

4. പട്ടികജാതി, പട്ടികവർഗ്ഗ, മൽസ്യതൊഴിലാളി കുടുംബങ്ങൾ ദാരിദ്ര്യ കുടുംബപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നു ഉറപ്പു വരുത്തുന്നതിന് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്.

5. അയൽക്കൂട്ട കുടുംബങ്ങളുടെ പങ്കാളിത്തത്തോടെ നടക്കുന്ന സാധുത പരിശോധനക്ക് ശേഷം ലഭിക്കുന്ന വിവരങ്ങൾ വീണ്ടും വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ മുൻഗണനാ ക്രമത്തിൽ കരട് പട്ടികയാക്കി മാറ്റുകയും, കരട് ദാരിദ്ര്യ കുടുംബ പട്ടിക ഗ്രാമസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുയും ചെയ്യും.

ദാരിദ്ര്യ കുടുംബങ്ങളെ സംബന്ധിച്ച വിവരശേഖരണത്തിലും കരട് ദാരിദ്ര്യ കുടുംബപട്ടികയിലും ഉണ്ടാകാനിടയുള്ള അപാകതകൾ ഈ വ്യത്യസ്ത പ്രവർത്തനങ്ങളിലൂടെ പരിഹരിക്കാൻ കഴിയും.

## ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

*22 ശ്രീ. കെ.വി. കുഞ്ഞിരാമൻ
ശ്രീ. വി.ചെന്താമരാക്ഷൻ
ശ്രീമതി. ജെ. അരുന്ധതി
ശ്രീ. കെ. കെ. ജയചന്ദ്രൻ
" ടി.പി.കുഞ്ഞുണ്ണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) പദ്ധതി നടപ്പാക്കുന്ന ജില്ലകളിൽ ഓരോന്നിലും എന്ത് തുക ചെലവായി;

(സി) പദ്ധതിയുടെ ഭാഗമായി എത്രപേർക്ക് തൊഴിൽകാർഡ് നൽകി;

(ഡി) പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പണികളാണ് ചെയ്യുന്നത്;

(ഇ) പദ്ധതിപ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വിശദമാക്കുമോ;

(എഫ്) തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്തിന്റെ സാഹചര്യങ്ങൾക്ക് അനുഗുണമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ജി) സംസ്ഥാനത്ത് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ഏതെങ്കിലും ഏജൻസി പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

### ഉത്തരം : ശ്രീ.പാലൊളി മുഹമ്മദ് കുട്ടി (തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി)

(എ) തൊഴിലുറപ്പ് പദ്ധതിക്കു കീഴിൽ ഇതുവരെ 2,61,571 കുടുംബങ്ങൾ പാലക്കാട്, വയനാട് ജില്ലകളിലായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 1,98,939 കുടുംബങ്ങൾക്ക് തൊഴിൽ കാർഡുകൾ വിതരണം ചെയ്യുകയും, വിവിധ പ്രവർത്തികളിലായി 10,27,126 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും, വേതനമായി 11.43 കോടി രൂപ തൊഴിലാളികൾക്ക് ബാങ്കുകളിലൂടെ വിതരണം നടത്തുകയും ചെയ്തു. പ്രത്യേക ഗ്രാമസഭകൾ ചേർന്ന 24,439 പ്രവർത്തികൾ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 9,686 പ്രവൃത്തികൾ ആരംഭിക്കുകയും 3,196 പ്രവൃത്തികൾ പൂർത്തിയാകുകയും 6,490 പ്രവൃത്തികൾ പുരോഗതിയിലുമാണ്. ഇതിനകം ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ഗ്രാമസഭാ ആനിമേറ്റർമാർ, വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങൾ എന്നിവരുൾപ്പെട്ട ആകെ 8,276 പേർക്ക് പരിശീലനം നൽകുകയും ചെയ്തു.

(ബി) പാലക്കാട് : 677.09 ലക്ഷം രൂപ
വയനാട് : 651.47 ലക്ഷം രൂപ

(സി) 1,98,933 കുടുംബങ്ങൾക്ക് തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്.

(ഡി) ഈ പദ്ധതിയിൽ താഴെപറയുന്നവയിൽ ഉൾപ്പെടുന്ന പണികളാണ് ചെയ്യുന്നത്.

(1) ജലസംരക്ഷണവും മഴക്കൊയ്ത്തും
(2) വനസംരക്ഷണവും മരംവച്ചു പിടിപ്പിക്കലും അതു വഴി വരൾച്ച തടയലും
(3) ജലസേചന തോടുകൾ ഉൾപ്പടെയുള്ള ചെറുകിട ജലസേചന പദ്ധതികൾ
(4) പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമി, ഭൂപരിഷ്ക്കരണ നിയമപ്രകാരം ലഭിച്ച ഭൂമി, ഇന്ദിരാ ആവാസ് യോജനയുടെ ഗുണ ഭോക്താക്കളുടെ ഭൂമി എന്നിവയുടെ ജലസേചന സൗകര്യം
(5) കുളങ്ങൾ വൃത്തിയാക്കൽ ഉൾപ്പടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനർ നിർമ്മാണം.
(6) ഭൂവികസനം
(7) വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ അഴുക്കുചാൽ നിർമ്മിക്കുന്നതുൾപ്പടെയുള്ള വെള്ള

പ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങളും മറ്റു സംരക്ഷണ പ്രവർത്തനങ്ങളും

(8) ഗ്രാമങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് ഏതു കാലവസ്ഥയിലും ഉപയോഗ യോഗ്യമായ റോഡുകളുടെ നിർമ്മാണം

(9) സംസ്ഥാന സർക്കാരുകളുമായി കൂടിയാലോചനക്കു ശേഷം കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത മറ്റ് പ്രവർത്തികളും.

(ഇ) പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സോഷ്യൽ ഓഡിറ്റ് സംവിധാനം ശക്തമാക്കുക, നിർത്തടാധിഷ്ഠിത മാസ്റ്റർ പ്ളാനിന്റെ ഭാഗമായി 5 ഹെക്ടർ വരെ ഭൂമിയുള്ള ചെറുകിട പരിമിത കർഷകരുടെ ഭൂവികസനം സാദ്ധ്യമാക്കുന്ന രീതിയിൽ കാർഷിക അടിത്തറ ശക്തിപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുക, തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് ലേബർ ബാങ്ക് രൂപീകരിക്കുക, വനിതാ തൊഴിലാളികൾക്ക് വിദഗ്ധ പരിശീലനം നൽകി അവരെ വിദഗ്ധ തൊഴിലാളികളാക്കി മാറ്റുക, ക്രമേണ തൊഴിലുറപ്പ് പദ്ധതി ഒരു സാമൂഹ്യ സുരക്ഷാ പദ്ധതിയായി വിപുലപ്പെടുത്തുക എന്നീ പ്രവർത്തനങ്ങൾ ഉദ്ദേശിക്കുന്നു.

(എഫ്) സ്വീകരിച്ചിട്ടുണ്ട്.

(ജി) ഗവൺമെന്റനുവാദത്തോടെ പഠനം നടത്തിയതായി അറിവില്ല. എന്നാൽ ദില്ലിയിലെ സെന്റ് സ്റ്റീഫൻസ് കോളേജിലെ ഇക്കണോമിക്സ് റിസർച്ച് ഗ്രൂപ്പ് (ഇ.ആർ.ജി.) നടത്തിയ സർവ്വേയിൽ നമ്മുടെ സംസ്ഥാനത്തു നടപ്പാക്കുന്ന തൊഴിലുറപ്പുപദ്ധതി മാതൃകാപരമെന്ന് കണ്ടെത്തിയിട്ടുണ്ട്.

## കോഴിക്കോട് വിമാനത്താവള വികസനത്തിന് നടപടി

*23 ശ്രീ. കെ. ടി. ജലീൽ
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
ശ്രീമതി കെ. കെ. ലതിക
ശ്രീ. പി. വിശ്വൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മുഖ്യമന്ത്രി** സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവള വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) എത്ര ഏക്കർ ഭൂമിയാണ് ഇതിനായി പുതുതായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്;

(സി) സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ഏതെങ്കിലും വ്യവസ്ഥകൾ എയർപോർട്ട് അതോറിട്ടി മുമ്പാകെ വെച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് അതോറിട്ടിയുടെ തീരുമാനം എന്തെന്നു വ്യക്തമാക്കുമോ; ഭൂമി ഏറ്റെടുക്കൽ നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ ?

### ഉത്തരം : ശ്രീ. വി.എസ്.അച്ചുതാനന്ദൻ(മുഖ്യമന്ത്രി)

(എ) 1988-ൽ പ്രവർത്തനം ആരംഭിച്ച കോഴിക്കോട് വിമാനത്താവളം 16-02-2006-ൽ അന്താരാഷ്ട്ര വിമാനത്താവളമായി പ്രഖ്യാപിക്കുകയുണ്ടായി. ഇപ്പോൾ 378-ഏക്കർ സ്ഥലത്താണ് പ്രസ്തുത വിമാനത്താവളം പ്രവർത്തിക്കുന്നത്. നിലവിലുള്ള ടെർമിനൽ കെട്ടിടത്തിന്റെ പുനരുദ്ധാരണവും വികസനവും ഏകദേശം 100 കോടി രൂപ മുടക്കി എയർപോർട്ട് അതോറിറ്റി നടത്തിയിട്ടുണ്ട്. കൂടാതെ നൂറുകോടി രൂപ മുടക്കി റൺവേ നീട്ടുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ സ്ഥലം ഏറ്റെടുത്തു നൽകുന്ന പക്ഷം വിമാനത്താവളത്തിൽ റൺവേയുടെ തെക്കുഭാഗത്ത് പുതിയ ടെർമിനൽ സ്ഥാപിക്കുന്നതുൾപ്പെടെ കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും വിമാനത്താവള അതോറിറ്റി പദ്ധതിയിട്ടിട്ടുണ്ട്.

(ബി) 162 ഏക്കർ സ്ഥലം എറ്റെടുത്ത് നൽകാനാണ് വിമാനത്താവള അതോറിറ്റി ആവശ്യപ്പെട്ടിട്ടുള്ളത്.

(സി) സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവള അതോറിറ്റി ഡയറക്ടർ നൽകിയ നിർദ്ദേശങ്ങൾ പരിശോധിച്ചു വരികയാണ്. അതിൻമേൽ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## പതിനൊന്നാം പദ്ധതിയുടെ ലക്ഷ്യങ്ങൾ

*24 ശ്രീ. വർക്കല കഹാർ
,, ജി. കാർത്തികേയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പതിനൊന്നാം പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത പദ്ധതിക്കുവേണ്ടി എത്ര തുകയാണ് ചെലവഴിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇത്രയും തുക ചെലവ് ചെയ്ത് എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഈ പദ്ധതിക്കാവശ്യമായ തുക എപ്രകാരമാണ് കണ്ടെത്തുന്നതെന്ന് വിശദമാക്കാമോ ?

### ഉത്തരം : ശ്രീ. വി.എസ്.അച്ചുതാനന്ദൻ(മുഖ്യമന്ത്രി)

(എ) സംസ്ഥാന ആസൂത്രണ ബോർഡ് പതിനൊന്നാം പഞ്ചവൽസര പദ്ധതിയുടെ കരട് രൂപരേഖ തയ്യാറാക്കി കഴിഞ്ഞെങ്കിലും ആസൂത്രണ കമ്മീഷനുമായുള്ള ചർച്ചകൾക്ക് ശേഷം മാത്രമേ പദ്ധതിയുടെ പൂർണ്ണ രൂപം തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളു. സംസ്ഥാനത്തെ പതിനൊന്നാം പദ്ധതിക്ക് എടുത്തു പറയത്തക്ക മൂന്നു സവിശേഷതയാണുള്ളത്. ഒന്നാമതായി ആധുനിക വ്യവസായവും പശ്ചാത്തല വികസനവും, വിനോദ സഞ്ചാരവും, വിവര സാങ്കേതിക വിദ്യയും പ്രോൽസാഹിക്കുന്നതിനൊപ്പം പ്രതിസന്ധി നേരിടുന്ന കാർഷിക മേഖല, മത്സ്യ ബന്ധനം, മൃഗ സംരക്ഷണം, പരമ്പരാഗത വ്യവസായം എന്നിവയ്ക്ക് അർഹമായ ഊന്നൽ നൽകി പരിപോഷിപ്പിക്കുക. രണ്ടാമതായി, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ 'വികസനം താഴെത്തട്ടിൽ' എന്നത് സാർത്ഥകമാക്കാൻ പ്രാദേശിക സംരഭകരെ സംഘടിപ്പിക്കുക. മൂന്നാമതായി, ഉല്പാദന മേഖലയെ പ്രോൽസാഹിപ്പിക്കുന്നതിനൊപ്പം ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം, സാമൂഹ്യ സുരക്ഷിതത്വം എന്നിവയ്ക്കും ഊന്നൽ നൽകുക എന്നിവയാണ്.

ജനനന്മയും പാവപ്പെട്ടവരെ പ്രത്യേകിച്ചും ലാക്കാക്കികൊണ്ട് പദ്ധതിയിൽ 'ഫ്ളാഗ്ഷിപ്പ്' എന്നറിയപ്പെടുന്ന 12 പ്രധാന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. കൃഷി ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം, സ്ത്രീ ശാക്തീകരണം, തൊഴിൽ, സാമൂഹ്യ സുരക്ഷിതത്വം, ചെറുകിട വ്യവസായ ഉൽപ്പന്നങ്ങളുടെ വിപണനം, വിവര സാങ്കേതിക വിദ്യ, പോഷകാഹാര പരിപാടി, ഗ്രാമീണ ഊർജ്ജ വികസനം, ഭരണ പരിഷ്ക്കരണം എന്നിവയാണ് ഫ്ളാഗ്ഷിപ്പ് പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

പതിനൊന്നാം പദ്ധതിക്ക് 40,422 കോടി രൂപയാണ് പദ്ധതി അടങ്കലായി കണക്കാക്കിയിട്ടുള്ളത്.

(ബി) ഈ തുക ചെലവു ചെയ്ത് കൈവരിക്കാൻ ഉദ്ദേശ്ശിച്ചിട്ടുള്ള പ്രധാന നേട്ടങ്ങൾ താഴെ ചേർത്തിരിക്കുന്നു.

പതിനൊന്നാം പഞ്ചവത്സര പദ്ധതിയിലൂടെ കൈവരിക്കാൻ ഉദ്ദേശ്ശിക്കുന്ന നേട്ടങ്ങളിൽ പ്രധാനപ്പെട്ടവ

| മേഖല | ലക്ഷ്യങ്ങൾ |
|---|---|
| നെല്ല് ഉല്പാദനം | 9,50,000 ടൺ |
| നാളീകേരം | 800 കോടി |
| കരിമ്പ് | 1,00,000 ടൺ |
| പാൽ | 35,00,000 ടൺ |
| മുട്ട | 239 കോടി |
| മാംസം | 2,01,00 ടൺ |
| സങ്കരയിനം പശുക്കൾ | 25 ലക്ഷം |
| മത്സ്യ സമ്പത്ത് | 9,00,000 ടൺ |
| വെയർ ഹൗസ് | 80,000 മെട്രിക് ടൺ ധാന്യം സംഭരിക്കാൻ |
| മണ്ണ് സംരക്ഷണം | 17,550 ഹെക്ടർ ഭൂമിയിൽ |
| ചെക്ക് ഡാമുകൾ | 1130 എണ്ണം |
| നടപ്പാലങ്ങൾ | 338 എണ്ണം |
| ജലസേചനം | 2,75,000 ഹെക്ടർ ഭൂമിയിൽ |
| പുതിയ കടൽ ഭിത്തി നിർമ്മാണം | 47.77 കി.മീ. |
| പഴയ കടൽ ഭിത്തി റിപ്പയറിംഗ് | 63.2 കി.മീ. |
| പുതിയ വൈദ്യുത കണക്ഷനുകൾ | 23,50,000 എണ്ണം |
| പുതിയ ചെറുകിട വ്യവസായ യൂണിറ്റുകളുടെ മൂലധന നിക്ഷേപം | 5000 കോടി രൂപ |
| ഇവയിലൂടെ പുതിയതായി ഉണ്ടാകുന്ന തൊഴിൽ സാധ്യത | 5,00,000 എണ്ണം |
| ഹാർബർ നിർമ്മാണം | ബേപ്പൂർ കാർഗോ ഹാർബർ<br>തങ്കശ്ശേരി കാർഗോ ഹാർബർ<br>വിഴിഞ്ഞം കാർഗോ ഹാർബർ<br>അഴിക്കൽ പോർട്ട് |
| മഞ്ചേശ്വരം പോർട്ടിന്റെ മാസ്റ്റർ പ്ളാൻ | തയ്യാറാക്കുക |
| ഇരവിപുരം പൂവാർ തീര ദേശ റോഡ് | നിർമ്മാണം പൂർത്തിയാക്കുക |
| സ്റ്റേറ്റ് ഹൈവേ നിർമ്മാണം | 1400 കി. മീ. |
| മേജർ റോഡുകൾ | 5000 കി.മീ. |
| തിരുവനന്തപുരം മെഡിക്കൽ കോളേജ് | AIIMS നിലവാരത്തിലേക്ക് ഉയർത്തുക |
| പൂജപ്പുര ആയുർവ്വേദ ആശുപത്രി | പഞ്ച കർമ്മവിഭാഗം ശക്തിപ്പെടുത്തൽ |
| ചെറുതും വലുതുമായ ശുദ്ധജല വിതരണ പദ്ധതികൾ | 288 എണ്ണം |

ഇവ കൂടാതെ ഒട്ടനവധി പദ്ധതികളുടെ നേട്ടങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(അനുബന്ധം ഇതേ ദിവസത്തെ ഉത്തരത്തോടൊപ്പം ചേർത്തിരിക്കുന്നത് നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്.)

(സി) സംസ്ഥാനത്തിന്റെ പദ്ധതി നടത്തിപ്പിനായി സംസ്ഥാനത്തിന്റെ തന്നെ റിസോഴ്സ് (നികുതി വരുമാനം, നികുതിയേതര വരുമാനം, കേന്ദ്ര നികുതി വിഹിതം) കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളും ഗ്രാന്റും, ആഭ്യന്തര ധനകാര്യ സ്ഥാപനങ്ങളായ എൽ.ഐ.സി., ജി. ഐ.സി., നബാർഡ് എന്നിവയിൽ നിന്നും എടുക്കുന്ന വായ്പകൾ, വിദേശ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ, ദേശീയ സമ്പാദ്യ പദ്ധതിയിൽ നിന്നുള്ള വായ്പ, പി.എഫ്. വായ്പ എന്നിവയിൽ നിന്നാണ് കണ്ടെത്തുന്നത്.

## ബി. പി. എൽ. പട്ടിക പുന:ക്രമീകരണം

*25 പ്രൊഫ. എൻ. ജയരാജ്
ശ്രീ. തോമസ് ഉണ്ണിയാടൻ
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2007 മാർച്ച് 31 ന് മുമ്പ് ബി. പി. എൽ. പട്ടിക പുന:ക്രമീകരണങ്ങൾ കേന്ദ്രസർക്കാർ നിർദ്ദേശമനുസരിച്ച് നടപ്പിലാക്കുമോ;

(ബി) പട്ടിക പുന:ക്രമീകരണത്തിൽ അപാകതകൾ ഇല്ലാതെയാക്കുവാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

**ഉത്തരം : ശ്രീ.പാലൊളി മുഹമ്മദ് കുട്ടി (തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി)**

(എ) കേന്ദ്ര സർക്കാർ നിർദ്ദേശങ്ങളനുസരിച്ച് സംസ്ഥാന ഗ്രാമ പ്രദേശങ്ങളിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ കണ്ടെത്തുന്നതിന് വേണ്ടി 2003-ലാണ് ദാരിദ്ര്യ രേഖാ സെൻസസ് സംസ്ഥാനത്ത് നടന്നത്. ഈ സെൻസസ്സ് പ്രകാരം ശേഖരിച്ച വിവരങ്ങളുടെ സാധുതാ പരിശോധന കുടുംബശ്രീ സംഘടനാ സംവിധാനത്തിലൂടെ ഇപ്പോൾ നടന്നു വരുന്നു. 2007-മാർച്ച് 31-നു മുമ്പ് സാധുതാ പരിശോധന പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതിനു ശേഷം കരട് ബി. പി.എൽ ലിസ്റ്റ് കാലതാമസം കൂടാതെ തയ്യാറാക്കുന്നതാണ്.

(ബി) പട്ടിക തയ്യാറാക്കുമ്പോൾ അപാകതകൾ ഇല്ലാതാക്കാൻ താഴെ കുറിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്

1. 2003-ലെ ബി.പി.എൽ സെൻസസ്സിൽ ലഭിച്ചിട്ടുള്ള വിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
2. കമ്പ്യൂട്ടർവൽകൃത വിവരശേഖരം കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ അംഗങ്ങളായ ദരിദ്ര കുടുംബങ്ങൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിനും അയൽക്കൂട്ടയോഗങ്ങളിൽ കൂട്ടായി വിവരശേഖരങ്ങൾ വിലയിരുത്തുന്നതിനുള്ള അവസരവുമൊരുക്കിയിട്ടുണ്ട്.
3. അയൽക്കൂട്ടതലത്തിൽ നടക്കുന്ന വിവരശേഖരത്തിന്റെ സാധുത പരിശോധനയിലൂടെ പാവപ്പെട്ട കുടുംബങ്ങളുടെ കൃത്യത അവർക്ക് നേരിട്ട് ബോധ്യപ്പെടുത്തുന്നതിനും സർവ്വെ നടന്ന 2003-ന് ശേഷം ഓരോ കുടുംബത്തിനും ഉണ്ടായിട്ടുള്ള സാമൂഹിക സാമ്പത്തിക ബൗതിക വ്യതിയാനങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നതിനും കഴിയുന്നു. ദരിദ്ര കുടുംബങ്ങൾ പട്ടികയിൽ നിന്ന് വിട്ടു പോയിട്ടുണ്ടെങ്കിൽ ഉൾപ്പെടുത്തുന്നതിനും ഈ പ്രക്രിയയിലൂടെ സാദ്ധ്യമാകുന്നു.
4. പട്ടികജാതി-പട്ടിക വർഗ്ഗ, മത്സ്യത്തൊഴിലാളി കുടുംബങ്ങൾ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്.
5. അയൽകൂട്ട അംഗങ്ങളുടെ പങ്കാളിത്തത്തോടെ നടത്തുന്ന സാമൂഹ്യ പരിശോധനക്ക് ശേഷം ലഭ്യമാക്കുന്ന വിവരങ്ങൾ വീണ്ടും വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ മുൻഗണനാ ക്രമത്തിൽ കരട് പട്ടിക തയ്യാറാക്കുകയും കരട് ദരിദ്ര കുടുംബ പട്ടിക ഗ്രാമസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യും.

ദരിദ്ര കുടുംബങ്ങളെ സംബന്ധിച്ച് വിവരശേഖരണത്തിലും കരട് ദരിദ്ര കുടുംബ പട്ടികയിലും ഉണ്ടാകാനിടയുള്ള അപാകതകൾ ഈ പ്രവർത്തനങ്ങളിലൂടെ സുതാര്യമായി പരിഹരിക്കാൻ കഴിയുന്നതാണ്.

## സ്മാർട്ട് സിറ്റി പദ്ധതി

*26 ശ്രീ. കെ. ബി. ഗണേഷ്കുമാർ
ശ്രീ. തോമസ് ചാണ്ടി
,, കെ. കെ. ഷാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മുഖ്യമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) സ്മാർട്ട് സിറ്റിയുമായി ബന്ധപ്പെട്ട് ഏതൊക്കെ പുതിയ കമ്പനികളാണ് ഗവൺമെന്റുമായി ചർച്ച നടത്തുന്നത്;

(സി) എന്തെങ്കിലും പ്രാഥമിക ഉടമ്പടികൾ ഏതെങ്കിലും കമ്പനിയുമായി ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സ്മാർട്ട് സിറ്റിയുടെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിയ്ക്കുമെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം : ശ്രീ. വി.എസ്.അച്ചുതാനന്ദൻ(മുഖ്യമന്ത്രി)

(എ), (ബി), (സി) & (ഡി) കൊച്ചിയിൽ സ്മാർട്ട് സിറ്റി സ്ഥാപിക്കുന്നതു സംബന്ധിച്ചുള്ള കരാർ തയ്യാറാക്കുന്നതിനു വേണ്ടി ദുബായ് ഇന്റർനെറ്റ് സിറ്റി അധികൃതരുമായി ചർച്ചകൾ നടന്നു വരുന്നു. ഇതിലെ വ്യവസ്ഥകളുടെ പൂർണ്ണ രൂപമായിട്ടില്ല. സംസ്ഥാന സർക്കാർ മുന്നോട്ടു വച്ചിട്ടുള്ള വ്യവസ്ഥകളിൽ ചിലത് അംഗീകരിക്കാമെന്ന് ടീകോം അധികൃതർ സമ്മതിച്ചിട്ടുണ്ട് അവ താഴെ ചേർക്കുന്നു.

ഇൻഫോ പാർക്ക് വിട്ടുകൊടുക്കില്ലെന്നും അത് സർക്കാർ ഉടമസ്ഥതയിൽ നിലനിർത്തി വികസിപ്പിക്കുമെന്ന സർക്കാർ നിലപാട് അവർ അംഗീകരിച്ചിട്ടുണ്ട്. അതു പോലെ സ്മാർട്ട് സിറ്റിക്കു പുറത്ത് എറണാകുളം ജില്ലയിൽ മറ്റ് ഐ..റ്റി പാർക്കുകൾ പാടില്ലെന്ന നിലപാട് മാറ്റുവാൻ സമ്മതിച്ചിട്ടുണ്ട്. സർക്കാർ ഷെയർ സംബന്ധിച്ച് ഏകദേശ ധാരണയായിട്ടുണ്ട്. ഇതനുസരിച്ച് 26 ശതമാനം സർക്കാർ ഷെയർ എന്ന് തത്വത്തിൽ അംഗീകരിക്കുകയും ആദ്യഘട്ടം 16 ശതമാനം ഷെയർ നൽകാമെന്നും അംഗീകരിച്ചിട്ടുണ്ട്. ടീകോം കമ്പനിയുടെ ചെയർമാൻ സ്ഥാനം സംസ്ഥാന സർക്കാർ പ്രതിനിധിക്കായിരിക്കും എന്ന് ധാരണയായിട്ടുണ്ട്. ടീകോമിനു വിട്ടു കൊടുക്കുന്ന സ്ഥലത്തിന്റെ വില സംബന്ധിച്ചും ഏകദേശ ധാരണയിലെത്തിയിട്ടുണ്ട്. അവസാന ഘട്ട ചർച്ചകൾ നടക്കാനിരിക്കുന്നതേയുള്ളു.

## എ.ഡി.ബി. വായ്പയ്ക്കായി തയ്യാറാക്കിയ കരാർ

*27 ശ്രീ. ജോർജ് മേഴ്സിയർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തദ്ദേശ സ്വയംഭരണവും
ഗ്രാമവികസനവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുളള എ.ഡി.ബി. വായ്പയ്ക്കായി മുൻ സർക്കാർ തയ്യാറാക്കിയ കരാറിന്റെ കോപ്പി ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കരാറിൽ ഈ സർക്കാർ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) എ.ഡി.ബി. വായ്പയ്ക്കായി സർക്കാർ അന്തിമ കരാർ ഒപ്പിട്ടതെന്നാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത കരാറിൽ നിന്നും പിൻമാറുന്നതിന് സാധിക്കുമോ;

(ഇ) കരാറിൽ നിന്നും പിൻമാറിയാൽ ഉണ്ടാകുന്ന നഷ്ടം എത്രയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം: ശ്രീ.പാലൊളി മുഹമ്മദ് കുട്ടി (തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി)

(എ) ലഭ്യമാക്കിയിട്ടുണ്ട്.

**(അനുബന്ധം ഇതേ ദിവസത്തെ ഉത്തരത്തോടൊപ്പം ചേർത്തിരിക്കുന്നത് നിയമ സഭാ ലൈബ്രറിയിൽ ലഭ്യമാണ്.)**

(ബി) പ്രോജക്റ്റ് മാനേജ്മെന്റ് കൺസൽട്ടൻസി മാറ്റുകയും ടെക്നിക്കൽ സപ്പോർട്ട് യൂണിറ്റ് നിലവിൽ വരുത്തുകയും ചെയ്യുന്നതിനും തീരുമാനിച്ചു. തന്മൂലം കൺസൽട്ടൻസി വകയിൽ 15 കോടി രൂപ കുറവു വന്നിട്ടുണ്ട് അന്താരാഷ്ട്ര കൺസൽട്ടൻസി സ്വിവറേജിന് മാത്രമായി പരിമിതപ്പെടുത്തി.

(സി) 2006-ഡിസംബർ 8-ാം തീയതി

(ഡി) സാധിക്കും

(ഇ) കരാർ സ്ഥിരീകരിക്കാത്തതിനാൽ വായ്പ ലഭിക്കുന്നതല്ല. കരാർ ഒപ്പിട്ടതിനു ശേഷം 90 ദിവസം കഴിഞ്ഞ് പിൻമാറുകയാണെങ്കിൽ ആദ്യഘട്ടമായി അനുവദിക്കുന്ന തുക യുടെ 0.75% കമ്മിറ്റ്മെന്റ് ചാർജ്ജ് കരാർ ഒപ്പിട്ട 60 ദിവസത്തിനു ശേഷം നൽകേണ്ട തായി വരും.

## പൊതുശ്മശാനം നിർമ്മിക്കാൻ നടപടി

28 ശ്രീ. ജോസഫ് എം. പുതുശ്ശേരി
'' റോഷി അഗസ്റ്റിൻ
'' തോമസ് ചാഴിക്കാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുശ്മശാനമില്ലാത്ത പഞ്ചായത്തുകളിൽ ഇവ അടിയന്തിരമായി നിർമ്മിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് നിർദ്ദേശം നൽകിയത്;

(ബി) പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ ജില്ലകളിലെ പഞ്ചായത്തുകളിൽ പൊതുശ്മശാനം സ്ഥാപിക്കുവാൻ കഴിഞ്ഞു;

(സി) പൊതുശ്മശാനം നിർമ്മിക്കുന്നതിന് ഓരോ പഞ്ചായത്തുകൾക്കും ധനസഹായമായി എത്ര തുക സർക്കാർ അനുവദിച്ചിട്ടുണ്ട്; ഇതു സംബന്ധിച്ച് ഗവൺമെന്റ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) പൊതുശ്മശാനം നിർമ്മിക്കുന്നത് സംബന്ധിച്ച് നാളിതുവരെ യാതൊരു നടപടിയും സ്വീകരിക്കാത്ത പഞ്ചായത്തുകളുണ്ടോ; എങ്കിൽ ഇവർക്കെതിരെ സർക്കാർ നടപടി സ്വീകരിക്കുമോ?

**ഉത്തരം : ശ്രീ.പാലൊളി മുഹമ്മദ് കുട്ടി (തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി)**

(എ) ഉണ്ട് 31/12/2005 ൽ

(ബി) കഴിഞ്ഞിട്ടില്ല. പ്രൊപ്പോസലുകൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് ലഭിച്ചിച്ചു കൊണ്ടിരിക്കുന്നു,

(സി) ഓരോ ഗ്രാമ പഞ്ചായത്തിലും പൊതുശ്മശാനം നിർമ്മിക്കുന്നതിനായി ഒരു ലക്ഷം രൂപ നൽകുന്നതിനായി 2006-07-ലെ സംസ്ഥാന ബഡ്ജറ്റിൽ 7,40,00,000/ രൂപ വകയിരുത്തിയിട്ടുണ്ട്. പ്രൊപ്പോസൽ അംഗീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത തുക ഗ്രാമ പഞ്ചായത്തിന് അനുവദിച്ചു കൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നതാണ്.

(ഡി) ഉണ്ട്. തുടക്കം എന്ന നിലയിൽ കർശന നിർദ്ദേശം നൽകുന്നതാണ്.

## മുനിസിപ്പൽ കോർപ്പറേഷനുകൾക്കുവേണ്ടി എ. ഡി. ബി. വായ്പ

29 ശ്രീ. കെ. എം. മാണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തദ്ദേശസ്വയംഭരണവും**
**ഗ്രാമവികസനവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുൻസിപ്പൽ കോർപ്പറേഷനുകൾക്കുവേണ്ടി ഈ സർക്കാരിന്റെ കാലത്ത് എ. ഡി. ബി. യിൽ നിന്ന് വായ്പയെടുക്കാൻ കരാറുണ്ടാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത കരാർ ഗവർണർക്കു വേണ്ടി ആരാണ് ഒപ്പിട്ടത്;

(സി) പ്രസ്തുത ഉദ്യോഗസ്ഥനെ ഗവർണർ ഭരണഘടനയുടെ 299(1)-ാം അനുച്ഛേദം അനുസരിച്ച് അതിന് ചുമതലപ്പെടുത്തിരുന്നോ;

(ഡി) ഇല്ലെങ്കിൽ അദ്ദേഹം പ്രസ്തുത കരാർ ഒപ്പിടാനുള്ള സാഹചര്യം എന്തെന്ന് വ്യക്തമാക്കാമോ?

**ഉത്തരം : ശ്രീ.പാലൊളി മുഹമ്മദ് കുട്ടി (തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

**(അനുബന്ധം ഇതേ ദിവസത്തെ ഉത്തരത്തോടൊപ്പം ചേർത്തിരിക്കുന്നത് നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്.)**

(ബി) & (സി) 6-12-2006-ലെ ജി.ഒ.(ആർ.ടി) 3126/2006/ത സ്വ ഭ വ നമ്പർ സർക്കാർ ഉത്തരവു പ്രകാരം ന്യൂഡൽഹിയിലെ കേരളാ ഗവൺമെന്റിന്റെ റസിഡന്റ് കമ്മീഷണർ ശ്രീ. ഇന്ദർജിത്ത് സിംഗിനെയാണ് കരാറിൽ ഒപ്പിടുവാൻ ചുമതലപ്പെടുത്തിയത്. 2005 നവംബർ 14-ന് ഒപ്പിട്ട കരാർ പ്രകാരം (സെ.4.02) ഈ വായ്പയുമായി ബന്ധപ്പെട്ട മറ്റു കരാറുകളിൽ ഒപ്പിടുന്നതിനും ഒപ്പിടാൻ മറ്റു ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നതിനും തദ്ദേശ്ശസ്വയംഭരണ വകുപ്പു സെക്രട്ടറിയെ അധികാരപ്പെടുത്തിയിരുന്നു.

(ഡി) ബാധകമല്ല.

## സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകളുടെ വിതരണം

*30 ശ്രീ. കെ. ശിവദാസൻ നായർ
'' കെ. ബാബു
'' അടൂർ പ്രകാശ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ യഥാകാലം അർഹരായവർക്ക് വിതരണം ചെയ്തിട്ടുണ്ടോ എന്നുറപ്പുവരുത്തുവാനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ്;

(ബി) ഇത്തരം പെൻഷനുകൾ യഥാസമയം നൽകി എന്നുറപ്പുവരുത്തുന്നുണ്ടോ ;

(സി) ഇത്തരം പെൻഷനുകൾ കൊടുക്കാത്ത എത്ര സംഭവങ്ങൾ 2006-2007 ൽ ഉണ്ടായിട്ടുണ്ടെന്നു വിശദമാക്കുമോ ;

(ഡി) ഏതെല്ലാം പെൻഷനുകളാണ് തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി നൽകുന്നതെന്ന് വ്യക്തമാക്കാമോ?

**ഉത്തരം : ശ്രീ.പാലൊളി മുഹമ്മദ് കുട്ടി (തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പുമന്ത്രി)**

(എ) & (ബി) പെർഫോമൻസ് ഓഡിറ്റ് ടീമുകൾ യഥാസമയം പെൻഷൻ വിതരണം ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കുന്നു. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി നടത്തുന്ന ജില്ലാതല മീറ്റിംഗിലെ പ്രത്യേക അവലോകന ഇനമായി ഇത് ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ലാകളക്ടർമാർ മാസംതോറും നടത്തുന്ന അവലോകനയോഗത്തിലെ അവലോകന ഇനമായി ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു.

(സി) പെൻഷൻ വിതരണം ചെയ്യാത്തത് സംബന്ധിച്ച പരാതികളൊന്നും തന്നെ ലഭിച്ചിട്ടില്ല. എന്നാൽ ചില പഞ്ചായത്തുകളിൽ കാലതാമസമുണ്ടായിട്ടുണ്ട്.

(ഡി)
1. കർഷക തൊഴിലാളി പെൻഷൻ
2. വാർദ്ധക്യകാല പെൻഷൻ
3. അഗതി പെൻഷൻ (വിധവകൾക്കും വിവാഹ മോചിതർക്കും)
4. വികലാംഗ പെൻഷൻ
5. 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ